# കൊച്ചി നഗരസഭ

## ബജറ്റ് പ്രസംഗം 2008–09

പ്രിയമുള്ളവരെ,

6,423,033,468/– രൂപ വരവും 6,339,352,000/– രൂപ ചിലവും 4,60,46,347/– രൂപ റവന്യൂ റിസർവ്വ് മാറ്റിവച്ച് 3,76,35,121/– മിച്ചവുള്ള 2008 – 2009 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് ബഹുമാന്യ അംഗങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

പുതിയ സാമ്പത്തിക വർഷം മുതൽ നഗരസഭയ്ക്ക് ലഭിക്കുന്ന കേന്ദ്രാവിഷ്കൃത ഫണ്ടുകളും ജനകീയ ആസൂത്രണ ഫണ്ടും മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പെടെയുള്ള വിവിധ ഗ്രാന്റുകളും നഗരസഭയുടെ തനതു വരുമാനവും ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ഫണ്ടും സുസ്ഥിര നഗര വികസന പദ്ധതിയിലൂടെ ലഭിക്കുന്ന ഫണ്ടും സംയോജിപ്പിച്ച് ഏകീകൃതവും സുതാര്യവും സുഭദ്രവുമായ രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.

തുറമുഖ – വ്യവസായ – വാണിജ്യ നഗരമെന്നതിനപ്പുറം ദൈവത്തിന്റെ കൈയ്യൊപ്പുപതിഞ്ഞ വിശ്വ സുന്ദരിയായ അറബികടലിന്റെ റാണി ഇന്ന് 'ഇ' സിറ്റിയായ് വളരുകയാണ്. സാമൂഹ്യപരിഷ്കർത്താക്കളും അഭിവന്ദ്യരായ ഭരണാധികാരികളും വ്യവസായികളും വ്യാപരികളും ബിൽഡർമാരും നഗരവാസികളാകെയും ചേർന്ന് പടുത്തുയർത്തിയ കൊച്ചി നഗരം നമ്മുടെ സ്വപ്നങ്ങൾക്കൊപ്പം വളരുകയാണ്. നഗരവാസികളിൽ പുതിയ പ്രതീക്ഷകളും പ്രത്യാശയും അങ്കുരിക്കാനാരംഭിച്ചിരിക്കുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് രൂപംകൊണ്ട ഫോർട്ട്കൊച്ചി മുനിസിപ്പാലിറ്റിയും സ്വതന്ത്രഭാരതത്തിൽ ജന്മം കൊണ്ട മട്ടാഞ്ചേരി, എറണാകുളം മുനിസിപ്പാലിറ്റികളും പള്ളുരുത്തി, വൈറ്റില, വെണ്ണല, ഇടപ്പള്ളി ഗ്രാമ പഞ്ചായത്തുകളും കൂട്ടി ചേർത്ത് 1967 നവംബർ ഒന്നാം തീയതി അന്നത്തെ കേരള മുഖ്യമന്ത്രി സ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് കൊച്ചി നഗരസഭ നിലവിൽ വന്നതായി പ്രഖ്യാപിച്ചു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നിലവിൽ വന്ന് 41 വർഷമാകുന്നു. നാല് പതിറ്റാണ്ടുകളുടെ ചരിത്രമുള്ള നാടിന്റെ ഈ മഹാനഗരം പുതിയ വഴിത്തിരിവിലാണ്.

മുൻ കൗൺസിലർമാരുടേയും മേയർമാരുടെയും പ്രയത്നങ്ങളെ ഒരളവോളം സാക്ഷാത്കരിക്കാനുള്ള ശ്രമങ്ങൾക്ക് ആരംഭം കുറിക്കാനായെന്നതിൽ ഈ കൗൺസിലിന് അഭിമാനിക്കാം.

## ഡബിൾ എൻട്രി സിസ്റ്റം

സംസ്ഥാനത്തെ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെന്ന പോലെ കൊച്ചി നഗരസഭയിലും കാലങ്ങളായി കൃത്യമായ വരവ് ചെലവ് കണക്കും ബാലൻസ് ഷീറ്റും ഉണ്ടായിരുന്നില്ല. ഊതിപെരുപ്പിച്ച വരവും യഥാർത്ഥ ചെലവും പൊരുത്തക്കേടുകളോടെ ദശാബ്ദങ്ങളായി നിലനിന്ന് പോരുകയായിരുന്നു. കാലകാലങ്ങളിൽ ഭരണ സാരഥ്യം വഹിച്ചിട്ടുള്ള മേയർമാരും ഫിനാൻസ് കമ്മറ്റി ചെയർമാന്മാരും പൊതുവിൽ കൗൺസിലും കൃത്യമായ വരവു ചെലവു കണക്കും ബാലൻസ് ഷീറ്റും തയ്യാറാക്കുന്നതിന് അശ്രാന്ത പരിശ്രമം നടത്തിയിട്ടുണ്ട്. ശ്രീ. സോമസുന്ദര പണിക്കർ മേയറുടെ ചുമതല വഹിച്ച നാലാം കൗൺസിലും ശ്രീ. സി. എം. ദിനേശ് മണി മേയറായിരുന്ന കഴിഞ്ഞ കൗൺസിലും ഇതിനു വേണ്ടി പുറത്തു നിന്നുള്ള ഏജൻസിയെ ചുമതലയേല്പിച്ച് നിരന്തരമായി റിവ്യൂ നടത്തി പ്രവർത്തിപ്പിച്ചെങ്കിലും പലവിധ കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഗവൺമെന്റ് നല്ല നിലയിൽ ഇടപെടുകയും സർക്കാർ ചെലവിൽ ഏജൻസിയെ ചുമതലപ്പെടുത്തുകയും ഡെപ്യൂട്ടി മേയർ ചെയർമാനും അക്കൗണ്ട്സ് ആഫീസർ കൺവീനറുമായ എല്ലാ വകുപ്പ് മേധാവികളും ഉൾപ്പെടുന്ന ഒരു പ്രത്യേക കമ്മിറ്റിയെ അക്രൂവൽ സിസ്റ്റം നഗരസഭയിൽ നടപ്പിലാക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ ആഴ്ചതോറും പിന്നീട് രണ്ടാഴ്ചയിലൊരിക്കലും തുടർച്ചയായി റിവ്യൂ മിറ്റിങ്ങുകൾ ചേരുകയും ഇടയ്ക്കിടെ ആഫീസ് തലത്തിൽ ഉണ്ടാവുന്ന തടസ്സങ്ങൾ നീക്കി സംസ്ഥാനത്ത് ആദ്യമായി കൊച്ചി നഗരസഭയിൽ അക്രൂവൽ സിസ്റ്റം (ഉത്ഭവഘട്ടത്തിൽ തന്നെ കണക്കു രേഖപ്പെടുത്തുന്ന സമ്പ്രദായം) അടിസ്ഥാനത്തിലുള്ള ഡബിൾഎൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കാൻ നമുക്കു കഴിഞ്ഞു. 2007 ഡിസംബർ 31 അടിസ്ഥാനമാക്കിയുള്ള ബാലൻസ് ഷീറ്റും വരവു ചെലവു കണക്കുകളും തയ്യാറാക്കുകയുണ്ടായി. സെപ്റ്റംബർ വരെയുള്ളത് കൗൺസിലിൽ വയ്ക്കാൻ കഴിഞ്ഞു. 2008 ജനുവരി വരെയുള്ള കണക്ക് ഫിനാൻസ് കമ്മറ്റി അംഗീകരിച്ച് കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്. തുടർന്ന് അതാത് മാസം കൗൺസിൽ മുൻപാകെ കണക്കുവയ്ക്കാൻ കഴിയും.

നഗരസഭയുടെ ചരിത്രത്തിൽ ഇത് ഒരു ടേർണിംഗ് പോയിന്റാണ്. വരവില്ലാതെ ഭീമമായ തുക ചെലവഴിച്ചു പോന്ന ഉദ്യോഗസ്ഥർക്കും അക്കൗണ്ടിൽ ഫണ്ടില്ലാതെ ചെക്ക് വാങ്ങിയിരുന്ന കരാറുകാർക്കും കണക്കില്ലാതെ പൊതുമരാമത്ത് വേലകൾക്ക് ഇല്ലാത്ത ഫണ്ട് ജനറൽ എൽ.എസ്സ്. എന്ന നിലയ്ക്ക് അനുവദിച്ചിരുന്ന ഫിനാൻസ് കമ്മിറ്റിക്കും കൗൺസിലംഗങ്ങൾക്കും കൃത്യമായ ബാലൻസ് ഷീറ്റും പുതിയ ബഡ്ജറ്റ് മാന്വലും പുതിയ അക്കൗണ്ടിംഗ് രീതിയുമായി സമരസപ്പെടാൻ സമയമെടുക്കും. എന്നാലും നഗരസഭയുടെ വരും കാല പ്രവർത്തനങ്ങൾക്ക് മികച്ച അടിത്തറയിടാൻ കാര്യക്ഷമതയും, സുതാര്യതയും ഉറപ്പുവരുത്തി ധനകാര്യ മാനേജ്മെന്റിൽ ഒരു കുതിച്ചു ചാട്ടം സാധ്യമാക്കാൻ ഈ കൗൺസിലിന് കഴിഞ്ഞെന്നതിൽ നമുക്ക് അഭിമാനിക്കാം.

## ആസ്തി രജിസ്റ്റർ

ഡബിൾ എൻട്രി സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നഗരസഭയുടെ സ്ഥിരമായ ആസ്തി കണ്ടെത്തി രജിസ്റ്റർ ഉണ്ടാക്കാനും മൂവബിൾ ആസ്തി തിട്ടപ്പെടുത്തി നമ്പരിട്ട് രജിസ്റ്റർ തയ്യാറാക്കാനും കഴിഞ്ഞിട്ടുണ്ട്. വിവിധ ഏജൻസികൾ തയ്യാറാക്കിയ ആസ്തി ലിസ്റ്റ് പരിശോധിച്ച് വിട്ടുപോയിട്ടുള്ളവ ഉൾപ്പെടുത്തുന്നതിനും കൃത്യമാക്കി മാറ്റുന്നതിനും നിലവിലുള്ള കൗൺസിലർമാർക്കൊപ്പം പഴയകാല കൗൺസിലർമാരും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാരും നമ്മെ സഹായിക്കുകയുണ്ടായി. ആസ്തി തിട്ടപ്പെടുത്തി രജിസ്റ്റർ ഉണ്ടാക്കുന്നതിന് സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവരോടും നന്ദി അറിയിക്കുന്നു.

## എസ്റ്റേറ്റ് മാനേജരെ നിയമിക്കും

രേഖകളില്ലാതെയും വേണ്ടത്ര വ്യക്തത ഇല്ലാതെയും കിടന്നിരുന്ന നഗര സഭയുടെ ആസ്തി തിട്ടപ്പെടുത്തി രജിസ്റ്ററുണ്ടാക്കാനും കംപ്യൂട്ടറിൽ ഫീഡ് ചെയ്യാനും സാധിച്ചു. മൂവബിൾ അസറ്റ്സിനും രേഖയായി. ഇതിന്റെയെല്ലാം വാല്യൂവേഷൻ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തി അന്തിമഘട്ടത്തിലാണ്. മൂന്ന് മാസത്തിനുള്ളിൽ ആസ്തി പ്രസിദ്ധീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അസറ്റ്സ് കാര്യക്ഷമമായി കൈ കാര്യം ചെയ്യുന്നതിന് സൂപ്രണ്ട് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന് എസ്റ്റേറ്റ് മാനേജരുടെ ചുമതല നല്കുന്നതാണ്. നഗരസഭയുടെ സ്വത്തുക്കളാകെ മാസ്റ്റർ സ്റ്റോൺ സ്ഥാപിച്ച് മാർക്കു ചെയ്യുന്നതിനും ഫെൻസിങ്ങിട്ട് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കും.

## ഡി. സി. ബി.

നഗരസഭയുടെ ഡി.സി.ബി. പൂർത്തികരിച്ച് കംപ്യൂട്ടറൈസേഷൻ പൂർത്തീകരിക്കുന്നതിന് കഴിഞ്ഞ സർക്കാർ ബഹുമാന്യനായ ചേർക്കുളം അബ്ദുള്ള തദ്ദേശസ്വയം ഭരണ മന്ത്രിയായിരുന്ന കാലത്ത് ഇൻഫർഷേൻ കേരള മിഷനെ ചുമതലയേല്പിച്ചു. ഇപ്പോഴും ഐ.കെ.എം. നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആധുനിക കാലഘട്ടത്തിന് അനുസൃതമായി സമഗ്രമായ സമ്പ്രദായം ആവിഷ്കരിച്ച് സമയം വിലയ്ക്കുവാങ്ങി വേഗതയിൽ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി തവണ ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യങ്ങൾ അവതരിപ്പിക്കുകയുണ്ടായി. മൂന്ന് മാസങ്ങൾക്കകം കൊച്ചി നഗരസഭയുടെ ഡി.സി.ബി. പൂർത്തികരിക്കുന്നതിന് സർക്കാർ മറ്റൊരു വിദഗ്ദ ഏജൻസിയെ ചുമതലപ്പെടുത്തികഴിഞ്ഞു. ഏപ്രിൽ മാസം മുതൽ ഇതിനുള്ള ജോലി നഗരസഭയിൽ ആരംഭിച്ച് മൂന്ന് മാസങ്ങൾക്കകം പൂർത്തീകരിക്കും. ഡി.സി.ബി. പൂർത്തിയാവുന്നതോടെ ഇന്റർനെറ്റ് വഴിയും നാം തീരുമാനിച്ചാൽ ബാങ്കുകൾ വഴിയും നഗരസഭയുടെ ഏത് സോണൽ ആഫീസ് വഴിയും നികുതി, ലൈസൻസ് എന്നിവ അടക്കുന്നതിനും കറന്റായിട്ടുള്ള കുടിശ്ശിഖ അറിയുന്നതിനും അവസരമുണ്ടാകും.

## ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം

കൊച്ചി നഗരത്തിന് ജി.ഐ.എസ്. മാപ്പ് തയ്യാറാക്കി കഴിഞ്ഞു. ഭൂമിനിരപ്പിൽ നിന്നും അൻപത് മീറ്റർ താഴെക്കുള്ള വസ്തുക്കളെ അടയാളപ്പെടുത്താൻ കഴിയുന്ന യൂട്ടിലിറ്റി മാപ്പിംഗിന് കേന്ദ്ര ഗവൺമെന്റ് തെരഞ്ഞെടുത്ത 36 നഗരങ്ങളിൽ കൊച്ചിയെയും ഉൾപ്പെടുത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ടൗൺപ്ലാനിംഗ് ഡിപ്പാർട്ട്മെന്റിനാണ് ഇതിന്റെ ചുമതല. കോ– ഓർഡിനേറ്ററായി റീജനൽ ടൗൺപ്ലാനിംഗ് ആഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നേവി, എയർലൈൻസ് എന്നീ ഏജൻസികളുടെ പ്രത്യേകാനുമതി ഹെലികോപ്റ്ററിൽ ഏരിയൽ ഫോട്ടോയെടുക്കുന്നതിന് ഓരോതവണയും ആവശ്യമായി വരുന്നതും കാലവസ്ഥാ വ്യതിയാനംമൂലവും യൂട്ടിലിറ്റി മാപ്പിംഗിന് ഏറെ സമയമെടുക്കും. തെളിഞ്ഞ കാലാവസ്ഥയിൽ മാത്രമേ ഇത് നടത്താനാകൂ എങ്കിലും ലോകത്തെ ആധുനിക നഗരങ്ങളിലെ പോലെ ജി.ഐ.എസ്സ്.

അടിസ്ഥാനപ്പെടുത്തിയ യൂട്ടിലിറ്റി മാപ്പ് കൊച്ചിക്കു വേണ്ടിയും തയ്യാറാക്കുന്നതിന് ഈ വർഷം ആരംഭം കുറിക്കും.

ജി.ഐ.എസ്സ്. അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് പ്ലിന്ത് ഏരിയ കണക്കാക്കി ടാക്സ് നിശ്ചയിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കലൂർ സൗത്ത് 63-ാം ഡിവിഷനിൽ പൈലറ്റ് പ്രവർത്തനം നടന്നു വരുന്നു. സമൂഹത്തിലെ ദുർബ്ബല വിഭാഗക്കാർ താമസിക്കുന്ന മണപ്പാട്ടിപ്പറമ്പ് പോലുള്ള കോളനിയും എൽ.ഐ.ജി., എം.ഐ.ജി, എച്ച്.ഐ.ജി. കോളനികളും പാർപ്പിട മേഖലകളും ബസ്സ്റ്റാന്റും കമേർഷ്യൽ മേഖലയും എല്ലാം ചേർന്ന ഒരു വാർഡ് എന്ന നിലയ്ക്കാണ് ഈ പ്രദേശത്തെ തന്നെ പ്രവർത്തനം ആരംഭിക്കുന്നതിന് തെരഞ്ഞെടുത്തത്. എന്നാൽ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസിയുടെ പ്രവർത്തനം ഒച്ചിഴയുന്ന വേഗതയിലാണെന്ന ദൗർബല്ല്യത്തെക്കുറിച്ച് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. പുതിയ സാമ്പത്തിക വർഷത്തിൽ 71 വാർഡുകളിലും സെൽഫ് അസസ്മെന്റ് നടത്താവുന്ന വിധം ഏറ്റവും ശാസ്ത്രീയമായ ജി.ഐ.എസ്. അടിസ്ഥാനത്തിലുള്ള പ്ലിന്ത് ഏരിയ ടാക്സ് സമ്പ്രദായം നിലവിൽ വരും.

ജിയോഗ്രഫിക്കൽ ഇൻഫോർമേഷൻ സിസ്റ്റത്തെ അടിസ്ഥാനപ്പെടുത്തി ഗാർബേജ് കളക്ഷൻ പോയന്റുകളെ റോഡ് ട്രക്ക് നെറ്റുവർക്ക് തയ്യാറാക്കി ബ്രഹ്മപുരം പ്ലാന്റ്സൈറ്റുമായി ബന്ധിപ്പിക്കുന്ന GPS സിസ്റ്റം സ്ഥാപിക്കുന്നതാണ്. ഇതിനാവശ്യമായ DPR തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് നടപടി സ്വീകരിക്കും.

<u>**മാസ്റ്റർ പ്ലാൻ**</u>

ശ്രീ. സി.എം. ദിനേശ് മണി മേയറായിരുന്ന കഴിഞ്ഞ കൗൺസിൽ സംഘടിപ്പിച്ച വിവിധ സെമിനാറുകളുടെയും. ശില്പശാലകളുടേയും തുടർച്ചയിൽ പ്രകാശ വേഗതയിൽ ഐ.ടി. നഗരമായി വളരുന്ന പുതിയ കൊച്ചിക്ക് ആധുനിക രീതിയിലുള്ള ഒരു മാസ്റ്റർ പ്ലാൻ അനിവാര്യമാണെന്ന് തീരുമാനിച്ചു. അന്നത്തെ മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടിയും തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. കുട്ടി അഹമ്മദ് കുട്ടിയും പ്രത്യേക താല്പര്യമെടുത്ത് മാസ്റ്റർ പ്ലാനുണ്ടാക്കുന്നതിന് കൊച്ചി നഗരസഭ കൗൺസിലിന് അനുമതി നല്കിയ കാര്യം കൃതജ്ഞതയോടെ വീണ്ടും സ്മരിക്കുന്നു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ലഭ്യമാക്കാവുന്ന വിദഗ്ദന്മാരെ പങ്കെടുപ്പിച്ച് വിവിധ തലങ്ങളിൽ നിരവധി മീറ്റിങ്ങുകളും ചർച്ചകളും സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിങ്ങുകളും സംഘടിപ്പിച്ച് ഇവയിലൊക്കെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെ

അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ചുമതല ഡൽഹി സ്കൂൾ ഓഫ് പ്ലാനിംഗ് ആന്റ് ആർക്കിടെക്ചറിലെ പ്രൊഫസർ ടി. കെ. രവീന്ദ്രൻ ചെയർമാനായുള്ള കമ്മിറ്റിക്ക് നൽകി. ഹഡ്കോയിൽ നിന്നും ടൗൺപ്ലാനറായ ശ്രീമതി വിനീത ഹരിഹരനെ കോ–ഓർഡിനേറ്ററായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നിയമിച്ചു. മാസ്റ്റർ പ്ലാനിന്റെ രൂപ രേഖ പൂർണ്ണമാവുന്നതിനിടയിൽ കോ–ഓർഡിനേറ്റർ മാതൃസ്ഥാപനത്തിലേക്ക് തിരിച്ചു പോയി. അതേയവസരത്തിൽ മാലിന്യ പ്രശ്നം വഷളാവുകയും സർവ്വശ്രദ്ധയും അതിലേക്ക് കേന്ദ്രികരിക്കുകയും ചെയ്തതോടെ മാസ്റ്റർ പ്ലാൻ പൂർത്തിയാക്കുന്ന പ്രവർത്തനം ഇടക്കാലത്ത് നിലച്ചുപോയി. ജിഡ എക്സിക്യൂട്ടീവ് എഞ്ചിനിയറായിരുന്ന, ജെ.എൻ.എൻ.യൂ.ആർ.എം. സി.ഡി.പി. തയ്യാറാക്കുന്നതിന് കൺവീനറായി നഗരസഭയെ സഹായിക്കുകയും ചെയ്ത ടൗൺപ്ലാനർ ശ്രീമതി ജയ റീജണൽ ടൗൺപ്ലാനറായി നിയമിതയായതോടെ ചീഫ് ടൗൺപ്ലാനിംഗ് ആഫീസറുടേയും ഗവൺമെന്റിന്റേയും അനുമതിയോടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന ചുമതല ശ്രീമതി ജയയെ ഏൽപ്പിച്ചു. ജി.സി.ഡി.എ ചെയർപേഴ്സൺ ശ്രീമതി എം.സി. ജോസഫൈനും സെക്രട്ടറിയും സഹായിച്ചതിനാൽ മാസ്റ്റർ പ്ലാൻ ആഫീസ് ജി.സി.ഡി.എ.യിലേക്ക് മാറ്റി. റീജനൽ ടൗൺപ്ലാനിംഗ് ഡിപ്പാർട്ട്മെന്റിലെ എഞ്ചിനീയർമാരും അറിയപ്പെടുന്ന ടൗൺ പ്ലാനർമാരായ സർവ്വശ്രീ. ജോസഫ് അലക്സ്‌ാണ്ടർ, സി.കെ. തോമസ്, ശ്രീമതി എലിസബത്ത് ഫിലിപ്പ് എന്നിവരും ചേർന്ന് ആധുനിക കൊച്ചിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന ജോലി അതിവേഗതയിൽ പൂർത്തികരിച്ചു വരുന്നു. എല്ലാ ബുധനാഴ്ചകളിലും അവലോകന മീറ്റിങ്ങുകൾ ചേർന്ന് പുരോഗതി വിലയിരുത്തുന്നുണ്ട്. കൊച്ചി കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മാസ്റ്റർ പ്ലാനിനകത്ത് വരും. 2008ൽ തന്നെ മാസ്റ്റർ പ്ലാൻ പൂർത്തീകരിച്ച് വിജ്ഞാപനം ചെയ്യുന്നതാണ്. മെട്രോ നഗര വികസനത്തിന് തിളക്കമേറിയ നാഴികകല്ലായിരിക്കും പൂർത്തീകരണത്തിലേക്കെത്തുന്ന മാസ്റ്റർ പ്ലാൻ.

## <u>സിറ്റി മൊബിലിറ്റി പ്ലാൻ</u>

നമുക്ക് സ്മാർട്ട് സിറ്റിയോടൊപ്പം സ്മാർട്ടായ ഒരു ഗതാഗത സംവിധാനവും അനിവാര്യമാണ്. കൊച്ചി നഗരത്തിന് ഒരു മൊബിലിറ്റി പ്ലാൻ വേണമെന്നാവശ്യത്തിന് കൊച്ചിയോളം തന്നെ പഴക്കമുണ്ട്. നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾ സംബന്ധിച്ച് നാറ്റ്പാക്ക്, K.U.D.P, റൈറ്റ്സ്, KRFB തുടങ്ങി നിരവധി പ്രശസ്തരായ ഏജൻസികൾ പഠനങ്ങൾ നടത്തിയിട്ടുണ്ട്. നഗരസഭയും, മലയാള മനോരമയും, ദേശാഭിമാനിയും മുതൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനിയേഴ്സ് വരെയും ചെറുതും വലുതുമായ നിരവധി

സംഘടനകളും പ്രതിബദ്ധതയുള്ള പ്രസ്ഥാനങ്ങളും അനവധി ശില്പശാലകളും സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളില്ലാത്തതല്ല പ്രശ്നം.

കൊച്ചി നഗരത്തിനുവേണ്ടി WAPCOS സിറ്റി മൊബിലിറ്റി പ്ലാൻ തയ്യാറാക്കി കഴിഞ്ഞു. ഗതാഗത സംവിധാനം മെച്ചപ്പെടുത്താൻ കുറഞ്ഞ ചെലവിൽ ഏറ്റവും കുറച്ച് സമയം കൊണ്ട് ആവശ്യമായ സ്ഥലങ്ങളിലേക്ക് സ്വസ്ഥമായി എത്തിചേരാൻ സാധിക്കുന്ന സമ്പ്രദായം ആവിഷ്കരിച്ച് നിർദ്ദേശിക്കുവാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. നഗരത്തിലെ ആകെ ട്രാഫിക്കിന്റെ 14% മാത്രമുള്ള ബസ്സ് സർവ്വീസുകളെയാണ് നഗരത്തിലെത്തിച്ചേരുന്ന യാത്രക്കാരിൽ 73% പേരും ആശ്രയിക്കുന്നത്. നഗര ഗതാഗതത്തിന്റെ 35 % വരുന്ന ഇരുചക്ര വാഹനങ്ങൾ 8 % പേരെ വഹിക്കുന്നു. പൊതു ഗതാഗതത്തിന് മുൻഗണന കൊടുക്കേണ്ട ആവശ്യകത വ്യക്തമാക്കുന്നതാണ് ഈ കണക്കുകൾ. മൊബിലിറ്റി പ്ലാനിന്റെ അടിസ്ഥാനത്തിൽ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

## നഗരവികസനത്തിന് കൺസോർഷ്യം രൂപികരിക്കും

ഗതാഗത കുരിക്കിന് പരിഹാരം കാണുന്നതിനുള്ള പ്രൊജക്ട് റിപ്പോർട്ടുകൾ പ്രായോഗികമാകണമെങ്കിൽ ലാന്റ് അക്വസിഷൻ വേണ്ടി വരും. അംഗീകരിക്കുന്ന പ്രൊജക്ട് തുകയുടെ 20% നഗരസഭ വിഹിതമായി കണ്ടെത്തേണ്ടി വരും. ഡി.പി.ആർ അംഗീകരിച്ചതിനു ശേഷമുണ്ടാകുന്ന ഷെഡ്യൂൾ നിരക്ക് വർദ്ധനയുടെ അധിക ബാധ്യതയും ടെൻഡർ എക്സസ് കൊടുക്കേണ്ടിവന്നാൽ അതിനുള്ള ഫണ്ടും നഗരസഭ തന്നെ കണ്ടെത്തേണ്ടതുണ്ട്. നഗരസഭയുടെ ദൈനംദിന പ്രവർത്തനത്തിനപ്പുറമുള്ള വിപുലമായ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനും നിലനിർത്തി പോകുന്നതിനും വിദഗ്ദ മാനേജ്മെന്റ് ആവശ്യമായി വരും. ഇതിനാകെ സഹായകരമാം വിധത്തിൽ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ, വ്യാപാര – വ്യവസായ സംഘടനകൾ സഹകരണ സ്ഥാപനങ്ങൾ, എൻ.ആർ.ഐ., റിസർവ് ബാങ്ക്, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, ഇൻസ്റ്റിറ്റൂട്ട് ഓഫ് എഞ്ചിനിയേഴ്സ്, പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള വ്യവസായ സ്ഥാപനങ്ങൾ, കൊച്ചിൻ പോർട്ട്, കുസാറ്റ്, എൻ.ജി.ഒ സംഘടനകൾ എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപവല്കരിക്കുന്നതിനു തീരുമാനിക്കുന്നു.

കഴിഞ്ഞ ബഡ്ജറ്റിൽ മുന്നോട്ട് വച്ച വിഭവ സമാഹാരണത്തിന് ബോണ്ട് ഇഷ്യൂ ചെയ്യുന്നതിനുള്ള നിർദ്ദേശം ആവർത്തിക്കുന്നു. ഗവൺമെന്റിന്റെ മുൻപാകെ

നഗരസഭയുടെ കൗൺസിൽ നിർദ്ദേശം സമർപ്പിച്ചിട്ടുള്ളതാണ്. ഗവൺമെന്റ് തീരുമാനത്തിന് വിധേയമായി ഈ നിർദ്ദേശം നടപ്പിലാക്കും.

**<u>ഗോശ്രീ സ്ക്വയർ</u>**

ഗോശ്രീ പാലം തുറന്നതോടെ നഗരത്തിലെത്തുന്ന ബസ്സുകൾക്കും മറ്റു വാഹനങ്ങൾക്കും പാർക്കു ചെയ്യുന്നതിനും മറ്റും യാതൊരു വിധ സൗകര്യങ്ങളുമില്ല. ഇതു മുലം ഹൈക്കോടതി ജംഗ്ഷനിൽ പലപ്പോഴും ഗതാഗത കുരുക്കുണ്ടാകുന്നു. ഇതിന് പരിഹാരമായി ഹൈക്കോടതിയുടെ വടക്കു ഭാഗത്ത് ഗോശ്രീ സ്ക്വയർ നിർമ്മിക്കുന്നതാണ്. ആദ്യഘട്ടമായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**<u>സബ്‌വെകൾ</u>**

പ്രതിദിനം നഗരത്തിൽ വന്നു പോകുന്ന ലക്ഷക്കണക്കായ കാൽനടയാത്രക്കാരുടെ സൗകര്യാർത്ഥം പ്രധാന കേന്ദ്രങ്ങളിൽ ആധുനിക രീതിയിലുള്ള സബ്‌വെകൾ നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ വിശദമായ പ്രൊജക്ട് റിപ്പോർട്ടു തയ്യാറാക്കും. സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിന് കൂട്ടായി പരിശ്രമിക്കും. ഷോപ്പിംഗ് സെന്റർ സൗകര്യങ്ങളോടെ സബ്‌വെ നിർമ്മിക്കുന്നതിന് സ്വകാര്യ ഏജൻസികളെ ലഭിക്കാതെ വന്നാൽ നഗരസഭ നേരിട്ട് പദ്ധതി നടപ്പിലാക്കും. കച്ചേരിപ്പടി, വൈറ്റില, ഇടപ്പള്ളി, എം.ജി. റോഡ്, ഹൈക്കോടതി ജംഗ്ഷൻ, ബോട്ട് ജെട്ടി, സൗത്ത്, തോപ്പുംപ്പടി, കലൂർ, പള്ളുരുത്തി, കടവന്ത്ര എന്നീ സ്ഥലങ്ങളാണ് ആദ്യഘട്ടത്തിൽ പ്രൊജക്ട് തയ്യാറാക്കാനായി നിർദ്ദേശിക്കാനുള്ളത്.

**<u>ജംഗ്ഷൻ ഇംപ്രൂവ്മെന്റ്</u>**

നഗരഗതാ-ഗതത്തിന് കൂടുതൽ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും നഗര സൗന്ദര്യം വർദ്ധിപ്പിക്കുന്നതിനും ജോസ്, കെ.പി.സി.സി, പത്മ, കച്ചേരിപ്പടി, പാർക്ക് അവന്യൂ, കത്രകടവ്, തോപ്പുംപടി, ഹോസ്പിറ്റൽ എന്നീ ജംഗ്ഷനുകൾ ഇംപ്രൂവ് ചെയ്യുന്നതിനുമുള്ള ജോലി ഈ വർഷം ആരംഭിക്കും. ഇതിനായി 30 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിക്കുന്നു.

**<u>ഐലന്റ് - കണ്ണങ്ങാട്ട് പാലം</u>**

നാഷണൽ ഹൈവേയിൽ അരൂർ മുതൽ വൈറ്റില വരെയും സഹോദരൻ അയ്യപ്പൻ റോഡിലെയും ഗതാഗത കുരുക്കിന് വലിയൊരളവോളം ആശ്വാസം പകരാൻ കഴിയുന്നതും ഇടക്കൊച്ചി, പള്ളുരുത്തി പ്രദേശത്തിന്റെ വികസനത്തിനും തോപ്പുംപടി, ഇടക്കൊച്ചി സ്റ്റേറ്റ് ഹൈവെയിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിലും വെല്ലിംഗ്ടൺ ഐലന്റിൽ നിന്നും കണ്ണങ്ങാട്ടേക്ക് പുതിയ പാലം നിർമ്മിക്കും. സമാന്തരമായി റോഡു നിർമ്മാണവും ഏറ്റെടുക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**<u>തമ്മനം പുല്ലേപ്പടി റോഡ് പൂർത്തീകരിക്കൽ</u>**

കലൂർ മുതൽ മാധവ ഫാർമസി വരെയുള്ള ഏ.കെ.ജി. റോഡ് – ബാനർജി റോഡിലെ ഗതാഗത പ്രശ്നങ്ങൾക്കും പരിഹാരമാക്കാവുന്ന പത്മ ജംഗ്ഷൻ മുതൽ നാഷണൽ ഹൈവേ ചക്കരപ്പറമ്പ് വരെയുള്ള തമ്മനം – പുല്ലേപ്പടി റോഡ് വികസനത്തിന് ഫ്രീസറണ്ടർ ലഭിച്ചിട്ടുള്ള 1.92 ഏക്കർ സ്ഥലം ഉൾപ്പെടെ നിലവിലുള്ള റോഡ് ടാറിംഗ് ജോലികൾ പൂർത്തീകരിക്കും. റെയിൽവെയുടെ ഭാഗത്തെ ഓവർ ബ്രിഡ്ജ് നിർമ്മാണം കൂടി പൂർത്തീകരിച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് 40 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

റോഡ് വികസനം പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്ന സ്ഥലം കൂടി പൊന്നും വില നടപടിയിലൂടെയോ, നെഗോഷ്യേഷനിലൂടെയോ ഏറ്റെടുക്കുന്നതാണ്. അക്വിസിഷന് കൗൺസിൽ തീരുമാനമെടുത്ത് കലക്ടർക്ക് കൊടുത്തിട്ടുള്ളതാണ്. ഗവൺമെന്റിന്റെ സാഗ്ഷൻ വാങ്ങി അക്വിസിഷൻ നടപടികൾ പൂർത്തികരിച്ച് നാലു വരി ഗതാഗതത്തിനുള്ള റോഡ് നിർമ്മിക്കും. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

**<u>പള്ളുരുത്തി പാരലൽ റോഡ്</u>**

സ്റ്റേറ്റ് ഹൈവേയ്ക്ക് സമാന്തരമായി പള്ളുരുത്തിയുടെ തീരദേശ മേഖലയുടെ വികസനത്തെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മാണം ആരംഭിച്ച പാരലൽ റോഡ് എം.എൽ.എ. റോഡ് വരെ പൂർത്തിയാക്കിയിട്ടുണ്ട്. പെരുമ്പടപ്പു വരെ ലാന്റ് അക്വസിഷനിലൂടെ ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പെരുമ്പടപ്പു വരെയുള്ള ഭൂമി ഏറ്റെടുത്ത് റോഡ്

നിർമ്മാണത്തിന് തുടക്കമിടും. അടുത്തഘട്ടമായി പെരുമ്പടപ്പിൽ നിന്നും ഇടക്കൊച്ചിവരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. ഇതിനായി ഈ ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തുന്നു. ഇടക്കൊച്ചി പാമ്പായിമൂലയിൽ നിന്നും ആരംഭിക്കുന്ന ഇന്ദിരാഗാന്ധി റോഡ് MES ബ്ലോക്ക് റോഡുമായി ബന്ധിപ്പിക്കുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനും റോഡു നിർമ്മാണത്തിനുമായും 40 ലക്ഷം രൂപ വകയിരുത്തുന്നു. പഞ്ചായത്ത്രാജ് റോഡ് നിർമ്മാണത്തിന് 25 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

## മാമംഗലം – പൊറ്റക്കുഴി റോഡ്

വല്ലാർപാടം റെയിൽ കണക്ടവിറ്റി പാക്കേജിൽ വടുതല പച്ചാളം റയിൽവെ ഓവർ ബ്രിഡ്ജുകൾക്ക് പകരം റൗണ്ട് എബൗട്ട് നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുള്ളതാണ്. ഇതിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിന് ഗവൺമെന്റിനു മേൽ നഗരസഭ സമ്മർദ്ദം ചെലുത്തുന്നതാണ്. റൗണ്ട് എബൗട്ടിൽ നിന്നും നാഷനൽ ഹൈവേ അഞ്ചുമന വരെ മാമംഗലം, പൊറ്റക്കുഴി റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും. ആവശ്യമായ ഭൂമി ഫ്രീ സറണ്ടർ ആയി സംഘടിപ്പിക്കുന്നതിനും അവശേഷിക്കുന്നവ പൊന്നും വില നടപടികളിലൂടെ ഏറ്റെടുക്കുന്നതിനും ഈ സാമ്പത്തിക വർഷത്തിൽ തുടക്കംകുറിക്കും. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

## ഇടക്കൊച്ചി ബസ്സ്റ്റാന്റ് നവീകരണം

നഗര കവാടങ്ങളിലൊന്നും, ജില്ലയിലേക്കുള്ള പ്രവേശന കവാടവുമായ ഇടക്കൊച്ചിയിൽ നിലവിലുള്ള ബസ്റ്റാന്റ് നവീകരിക്കുന്നതിന് 10 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

## ഇടക്കൊച്ചി മിനി മാർക്കറ്റ്

ഇടക്കൊച്ചിയിൽ മിനി മാർക്കറ്റ് നിർമ്മിക്കുന്നതിന് ആറ് ലക്ഷം രൂപ വകയിരുത്തുന്നു.

## പള്ളുരുത്തി കച്ചേരിപ്പടി ഗ്രൗണ്ട് നവീകരണം

കച്ചേരിപ്പടിയിലുള്ള ഗ്രൗണ്ട് നവീകരിച്ച് അത്‌ലറ്റിക്സിനേയും ഗയിംസിനേയും പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി 20 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

## ഇടക്കൊച്ചിയിൽ ഹോമിയോ ഡിസ്പെൻസറി

ദുർബ്ബല വിഭാഗക്കാർ ഏറെയുള്ള ഇടക്കൊച്ചി പ്രദേശത്തെ ജനങ്ങൾ ആശ്രയിക്കുന്ന ആരോഗ്യ പരിപാലന കേന്ദ്രമായ ഹോമിയോ ഡിസ്പെൻസറി നിർമ്മിക്കുന്നതിന് ആറു ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

## പെരുമ്പടപ്പ് ബസ്സ് ടെർമിനൽ

പള്ളുരുത്തി പടിഞ്ഞാറൻ പ്രദേശങ്ങൾക്ക് പൊതുവിലും പെരുമ്പടപ്പ് ഭാഗത്തിന് പ്രത്യേകിച്ചും വികസനത്തിന് ഉതകും വിധത്തിൽ ബസ്സ്റ്റാന്റ് കോംപ്ലക്സ് നിർമ്മാണത്തിന് ഈ വർഷം പ്രൊജക്ട് തയ്യാറാക്കി പ്രവർത്തനം തുടങ്ങും. ബസ്സ് ടെർമിനൽ, ഷോപ്പിംഗ് സെന്റർ, ആഡിറ്റോറിയം എന്നീ സൗകര്യങ്ങളോടെയുള്ള കോംപ്ലക്സിന് എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കുന്നതിന് നടപടികൾ സ്വികരിച്ചിട്ടുണ്ട്. ഇതിനായി ഒരേക്കർ സ്ഥലം നഗരസഭയ്ക്ക് സൗജന്യമായി ലഭിച്ചിട്ടുണ്ട്. ഫില്ലിംഗ് ജോലികൾ ആരംഭിച്ചു. ഈ ബഡ്ജറ്റിൽ 75 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

## ബൗണ്ടറി കനാൽ

മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി പ്രദേശങ്ങളുടെ ഏറ്റവും പ്രധാന ജലനിർഗ്ഗമന മാർഗ്ഗം ആയിട്ടുള്ള ബൗണ്ടറികനാൽ ആഴവും വീതിയും വർദ്ധിപ്പിച്ച് ഒഴുക്കുസുഗമമാക്കുന്നതിന് 2 കോടി രൂപയും പഷ്ണിതോട് ശുചീകരണത്തിന് 15 ലക്ഷം രൂപയും വകയിരുത്തുന്നു.

## സഹോദരൻ അയ്യപ്പൻ റോഡ്

എസ്.എ. റോഡ് വികസനത്തിനുള്ള എല്ലാ തടസ്സങ്ങളും മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എളങ്കുളം വില്ലേജിലെ ചില സ്വകാര്യ സ്ഥല ഉടമകൾ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കെതിരെ തുടർച്ചയായി കോടതിയിൽ നിന്നും സ്റ്റേ

വാങ്ങിയതും കോടതി കേസ്സ് നീണ്ടു പോയതും റോഡ് വികസനത്തിന് പ്രയാസങ്ങളുണ്ടാക്കിയിരുന്നു. അത്തരം തടസങ്ങൾ പൂർണ്ണമായി നീങ്ങി കിട്ടിയിട്ടുണ്ട്. പൂണിത്തുറ വില്ലേജിലെ സെന്റ് പാട്രിക് ദേവാലയം പുനസ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കാച്ചപ്പള്ളി റോഡിൽ നടന്നു വരുന്നുണ്ട്. പുതിയ ദേവാലയത്തിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതോടെ റോഡിന് സറണ്ടർ ചെയ്തു കഴിഞ്ഞ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പള്ളി പൊളിച്ചു മാറ്റാനും റോഡ് വികസനം പൂർത്തീകരിക്കാനും കഴിയും. ഫണ്ട് പൂർണ്ണമായും കൊടുത്തിട്ടുള്ളതാണ്. വളഞ്ഞമ്പലം ക്ഷേത്രത്തിന്റെ മതിൽ പൊളിച്ചുമാറ്റുന്നതിന് തീരുമാനമായിട്ടുള്ളതാണ്. മതിലും ഗോപുരവും നിർമ്മിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫണ്ട് ആരെ ഏല്പിക്കണമെന്നതു സംബന്ധിച്ച് ദേവസ്വം ബോർഡും ക്ഷേത്ര സംരക്ഷണ സമിതിയുമായി തർക്കം നിലനില്ക്കുന്നതു കൂടി പരിഹരിച്ച് വിഷയം അവസാനിപ്പിക്കാനാവുമെന്ന് കരുതുന്നു. എസ്.എ. റോഡിലെ പുത്തൻ പാലത്തിന് സമാന്തരമായി പുതിയ പാലം പണിയുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. ആധുനിക രീതിയിൽ നാലുവരിപ്പാതയായി അഞ്ചു വർഷത്തെ ഗ്യാരണ്ടിയോടെ റോഡ് നിർമ്മാണം ഈ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കും. ഇതിനായി 12 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

## ബഹുനില കാർ പാർക്കിങ്ങുകൾ

ഹൈക്കോടതിക്കു സമീപം എം.ജി റോഡിൽ ഷേണായിസ് തീയറ്ററിനടുത്ത്, തേവര, നോർത്ത് എന്നിവടങ്ങളിൽ ഒന്നാം ഘട്ടങ്ങളിൽ ബഹുനില കാർപാർക്കിംഗ് സമ്പ്രദായം നടപ്പിലാക്കും. മറ്റിടങ്ങളിൽ സ്വകാര്യപങ്കാളിത്വത്തോടെയും ജി.സി.ഡി.എ. തുടങ്ങി വിവിധ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെയും മൾട്ടിസ്റ്റോറീഡ് പാർക്കിംഗ് ഏർപ്പെടുത്തുന്നതിന് നടഗരസഭ നേതൃത്വം കൊടുക്കും. ഇതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പ്രാഥമികമായി 50 ലക്ഷം രൂപ ഇതിനായി വകയിരുത്തുന്നു.

## ഓട്ടോറിക്ഷാ സ്റ്റാന്റുകൾ

സൗത്ത്, നോർത്ത് റെയിൽവെ സ്റ്റേഷനുകൾ, ബസ്സ്റ്റാൻഡുകൾ പ്രധാന ആശുപത്രികൾ, ഹോട്ടലുകൾ, വലിയ വ്യാപാര സ്ഥാപനങ്ങൾ എന്നിവയോട് ബന്ധപ്പെടുത്തി തൊഴിലാളികൾക്കുള്ള വിശ്രമകേന്ദ്രം ഉൾപ്പെടെയുള്ള ഓട്ടോറിക്ഷ സ്റ്റാന്റുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. വിവിധ

പോയന്റുകളിലേക്ക് എട്ടു സീറ്റുകളുള്ള ടാക്സി ഓട്ടോറിക്ഷകൾ ആരംഭിക്കുന്നതിന് ജില്ലാ ഭരണകൂടം, ആർ.ടി.ഒ., ഓട്ടോറിക്ഷ രംഗത്തെ സംഘടനകൾ എന്നിവരുമായി ആലോചിച്ച് തീരുമാനം എടുക്കും.

## ഫ്ളൈ ഓവറുകൾ

എം.ജി റോഡിനു കുറുകെ ഫ്ളൈഓവർ നിർമ്മിക്കുന്നതിനും മുല്ലശ്ശേരികനാൽ, അത്‌ലാന്റീസ്, ഐലന്റ് എന്നിവിടങ്ങളിൽ ഓവർ ബ്രിഡ്ജ്ജുകൾ നിർമ്മിക്കുന്നതിനും പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കാൻ തുടങ്ങിയിട്ടുണ്ട്. വടുതല – പച്ചാളം റെയിവേ ഗേറ്റുകൾക്കുപകരം പച്ചാളത്ത് റൗണ്ട്എബൗട്ട് നിർമ്മിക്കുന്നതിന് ഗവൺമെന്റ് കൊച്ചിൻ പോർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിരവധി വർഷങ്ങളായി നഗരസഭ ആവശ്യപ്പെട്ടുപോരുന്ന നാഷണൽ ഹൈവേ 47ൽ ഇടപ്പള്ളി, പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ എന്നിവിടങ്ങളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കുന്നതിന് നാഷണൽ ഹൈവേ അതോറിട്ടി ഓഫ് ഇൻഡ്യ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കാൻ തുടങ്ങിയട്ടുണ്ട്. കേന്ദ്രസർഫസ്സ് ട്രാൻസ്പോർട്ട് വകുപ്പ് എൻ.എച്ചിലെ ഈ നാല് ഫ്ളൈഓവറുകൾക്കും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൊച്ചിയുടെ ഗതാഗത തടസം ഒഴിവാക്കുന്നതിന് ഓവർ ബ്രിഡ്ജ്ജുകളും ഫ്ളൈ ഓവറുകളും പൂർത്തീകരിക്കുന്നതോടെ കഴിയും.

## മെട്രോറെയിൽ

എറണാകുളം പട്ടണത്തിന്റെ സുസ്ഥിരതക്കും വികസനത്തിനും ഭാവിയിലേക്ക് വലിയ സംഭാവന ചെയ്യാൻ കഴിയുന്ന മെട്രോറയിൽ യാഥാർഥ്യമാകുമെന്ന് ഉറപ്പായിരിക്കുന്നു. നഗരത്തിലേക്ക് കുറഞ്ഞ സമയം കൊണ്ട് സുഗമമായി എത്താൻ കഴിയുന്ന മെട്രോ റയിൽ നിർമ്മാണം ഈ സാമ്പത്തീക വർഷത്തിൽ ആരംഭിക്കുമെന്ന് അറിയുന്നതിൽ നാം ആഹ്ലാദിക്കുന്നു. നഗരത്തിലെ വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ ഉയർത്തിയിരിക്കുന്ന ആശങ്കകൾ ദുരീകരിക്കുന്നതിന് ഡൽഹി മെട്രോറെയിൽ കോർപ്പറേഷനും കേരള ഗവൺമെന്റും തയ്യാറാകുമമെന്ന് പ്രതീക്ഷിക്കുന്നു. റൈറ്റ്സ് പഠനം നടത്തിയ സാഹചര്യത്തിൽ അത്ഭുതകരമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. വല്ലാർപാടം കണ്ടയ്നർ ടെർമിനൽ പ്രൊജക്ട്, എൻ.എൽ.ജി. ടെർമിനൽ, മെറീന പദ്ധതി എന്നിവയുടെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. വൈപ്പിൻ ദ്വീപുകളെ നഗരവുമായി ബന്ധിപ്പിക്കുന്ന പാലങ്ങൾ പൂർത്തികരിച്ചു. വല്ലാർപാടം റെയിൽ റോഡ് നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഈ പശ്ചാതലത്തിൽ ഹൈക്കോടതി ജംഗ്ഷൻ

ലക്ഷകണക്കായ യാത്രക്കാരെ കൊണ്ട് നിറയും. മാറുന്ന പുതിയ സാഹചര്യത്തെകൂടി പഠന വിധേയമാക്കി മെട്രോറയിലിനെ പ്രയോജനപ്പെടുത്തുവാൻ കഴിയുമോ എന്ന് ബന്ധപ്പെട്ടവർ പരിശോധിക്കുമെന്ന് കരുതുന്നു.

കൊച്ചി നഗരത്തിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള സിറ്റി മൊബിലിറ്റി പ്ലാനിൽ മെട്രോ റെയിൽ സംബന്ധിച്ച് പറയുന്നത് ഇങ്ങനെയാണ്. (a) "M.G. റോഡിന് മുകളിലൂടെയുള്ളത് മെട്രോറെയിൽ ആണെങ്കിലും സ്കൈ ബസ്സാണെങ്കിലും മുഴുവൻ റോഡിനേയും കവർ ചെയ്യും. അതുകൊണ്ട് ഗ്രൗണ്ട് ഫ്ളോർ മുതൽ സെക്കണ്ട് ഫ്ളോർ വരെ ഇരുട്ടായിരിക്കും. പകൽസമയത്തും വൈദ്യുതി ലൈറ്റുകൾ ആവശ്യമായി തീരും. (b) റോഡ് തെക്ക് – വടക്ക് ആയതിനാലും കിഴക്ക് – പടിഞ്ഞാറ് കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതുകൊണ്ടും വായു സഞ്ചാരം പരിമിതമാകും. (c) ഇന്റർ മോഡൽ ട്രാൻസ്ഫർ സൗകര്യങ്ങൾ ലഭ്യമാകില്ല. അതിനാൽ ബാനർജി റോഡ് മറൈൻഡ്രൈവ് വഴി കടന്നു പോകുന്നതാണ് അഭികാമ്യം. കാരണം 1) ഒരു ഭാഗം കടൽ – കായൽ ഭാഗത്തേക്ക് തുറന്നിരിക്കും. 2) നല്ല വായു സഞ്ചാരം കിട്ടും. 3) ഏറ്റവും പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രമായി കൊച്ചി മാറും."

സാങ്കേതികത്തികവും സാമ്പത്തീക വൈദഗ്ദ്യവും കൊച്ചി നഗരസഭയ്ക്ക് ഇല്ല. എന്നാൽ വിദഗ്ദൻമാർ അടങ്ങിയ ദേശീയ പ്രശ്തമായ ഒരേജൻസി മാസങ്ങളെടുത്ത് നടത്തിയ പഠനത്തിന്റെ ഉല്പന്നമായ സിറ്റി മൊബിലിറ്റി പ്ലാൻ ഡി.എം.ആർ.സി. പരിശോധിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

കൊച്ചിക്ക് മെട്രോറെയിൽ സ്ഥാപിച്ചുകിട്ടുന്നതിന് 1999മുതൽ നിരന്തരമായി പരിശ്രമിച്ചു പോരുന്ന കോർപ്പറേഷനും നഗരത്തിന്റെ വളർച്ചയിലും വികാസത്തിനും തല്പര്യമുള്ള വ്യാപാരികളും മറ്റ് സംഘടനകളും എറണാകുളത്തുകൂടി തന്നെ മെട്രോറെയിൽ കടന്നു പോകണമെന്ന് വാദിക്കുന്നവരാണ്. ഇന്ന് അലെയ്ൻമെന്റിനെ സംബന്ധിച്ച് രണ്ട് ശക്തമായ അഭിപ്രായങ്ങൾ ഉയർന്നിരിക്കുന്നു. എല്ലാവരുടേയും സംശയങ്ങൾ ദുരീകരിച്ച്, ആശങ്കകൾ അകറ്റി അതിവേഗത്തിൽ മെട്രോറെയിൽ സ്ഥാപിക്കണമെന്നും വിശദാംശങ്ങൾ നഗരസഭയെ അറിയിക്കാൻ താൽപ്പര്യം പ്രകടപ്പിക്കണമെന്നും ആവശ്യപ്പെടുന്നു.

**<u>ബ്രോഡ്‌വേ പുനരുദ്ധാരണം</u>**

**<u>മാർക്കറ്റ് കോംപ്ലക്സ്</u>**

പുരാതനമായ എറണാകുളം മാർക്കറ്റ് ജീർണ്ണാവസ്ഥയിലാണ്. നിലവിലുള്ള മാർക്കറ്റ് പൊളിച്ചുമാറ്റി പുതുക്കി പണിയുണതിന് പലപ്പോഴായി ബഡ്ജറ്റ് പ്രസംഗങ്ങളിൽ നിർദ്ദേശം വയ്ക്കാറുണ്ടെങ്കിലും പലവിധ കരണങ്ങളാൽ പ്രാവർത്തികമായിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റ് നിർദേശ പ്രകാരം മാർക്കറ്റിന്റെ ഡിജിറ്റൽ സർവ്വെ പൂർത്തീകരിക്കുകയും ഡിസൈൻ തയ്യാറാക്കുകയും ചെയ്തു. നഗരത്തിലെ വ്യാപാരികളുടെ വിവിധ സംഘടനകളുമായി ചർച്ച ചെയ്തു ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. കേരള ചേംബർ, എറണകുളം മർച്ചന്റ്സ് യുണിയൻ തുടങ്ങിയ വ്യാപാര വ്യവസായ സംഘടനകൾ ചർച്ചകളിൽ മാർക്കറ്റിന്റെ ചുറ്റുമുള്ള റോഡുകളുടെയും സ്ഥാപനങ്ങളുടേയും പുനരുദ്ധാരണം ആധുനിക രീതിയിൽ സാധ്യമാക്കണം എന്ന നിർദ്ദേശം മുന്നോട്ടു വയ്ക്കുകയുണ്ടായി. നഗര പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം സാധ്യമാക്കാൻ കഴിയും എന്നതിനാൽ ഇതിനാവശ്യമായ സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രഗത്ഭനായ ആർക്കിടെക്റ്റ് ശ്രീ. രാമചന്ദ്രനാണ് മാർക്കറ്റിന്റെയും പരിസര പ്രദേശങ്ങളുടെയും ഡിസൈൻ തയ്യാറാക്കുന്ന ചുമതല ഏറ്റെടുത്തിട്ടുള്ളത്. അഞ്ച് നിലകളുള്ള മാർക്കറ്റ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ഉദ്ദേശം 23 കോടി രൂപ ചെലവ് വരും എന്ന് കണക്കാക്കുന്നു.

ബ്രോഡ്‌വെ മുതൽ ബെയ്സിൻ കനാൽ വരെ നിലവിലുള്ള പഴകി ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളാകെ പൊളിച്ചുമാറ്റി ഒരേ ഡിസൈനിൽ G + 2 അല്ലെങ്കിൽ G + 3 എന്നവിധം പുനർ നിർമ്മിക്കാനും റോഡുകളുടെ വീതി കൂട്ടി വികസിപ്പിക്കുന്നതിനും മതിയായ പാർക്കിംഗ് സംവിധാനങ്ങളും ജലനിർഗ്ഗമന മാർഗങ്ങളും മാലിന്യ സംസ്ക്കരണവും ഉൾപ്പെടുത്തി നഗരത്തെ പുതുക്കി പണിയുന്നതിന് പ്രൈവറ്റ് പബ്ളിക്ക് പാർട്ടിസിപ്പേഷനിലൂടെ സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. ഈ സാമ്പത്തിക വർഷത്തിൽ നിർമ്മാണം ആരംഭിക്കുന്നതാണ്. പ്രാരംഭമായി ഒരു കോടി രൂപ വകയിരുത്തുന്നു. JNNURM പദ്ധതിയിൽ അംഗികാരവും അതുവഴി ആവശ്യമായ ഫണ്ടും പ്രതീക്ഷിക്കുന്നു.

മട്ടാഞ്ചേരി നഗര പുനരുദ്ധാരണത്തിൽ വിപുലമായ രൂപ രേഖയും പ്രൊജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് എക്സ്പ്രഷൻ ഓഫ് ഇൻട്രസ്റ്റ് ക്ഷണിച്ചെങ്കിലും ആരെയും ലഭിച്ചിട്ടില്ല. പ്രൊജക്ട് തയ്യാറാക്കുന്നതിനു കഴിയുന്ന വിദഗ്ദരെ കണ്ടെത്തി ഈ സാമ്പത്തിക വർഷത്തിൽ തന്നെ ഡി.പി.ആർ തയ്യാറാക്കുന്നതാണ്.

## ഫോർട്ട്കൊച്ചി ബസ്സ്റ്റാന്റ്

പശ്ചിമകൊച്ചിയുടെ തിലകക്കുറിയായി ഫോർട്ട്കൊച്ചി ബസ്സ്റ്റാന്റ് നിർമ്മാണം ആറുമാസത്തിനകം പൂർത്തീകരിക്കും. ബസ്സുകൾ വന്നു പോകുന്നതിനും വെയ്റ്റ് ചെയ്യുന്നതിനുമുള്ള യാർഡ്, കോമ്പൗണ്ട് വാൾ പുനർനിർമ്മാണം, റസ്റ്ററൂം, ബസ്സ് ടെർമിനൽ എന്നീ പ്രധാന സൗകര്യങ്ങളോടെ ശ്രീ. ബിലെ മേനോൻ രൂപകല്പന ചെയ്തിട്ടുള്ള ഡിസൈൻ പ്രകാരമുള്ള വേലകളും ഈ വർഷം പൂർത്തീകരിക്കും. ടൂറിസ്സം ഡിപ്പാർട്ട്മെന്റ് പണിപൂർത്തീകരിച്ച് നഗരസഭയ്ക്ക് കൈമാറിയ കടമുറികൾ ടെൻഡർ ചെയ്തിട്ടുള്ളത് സാമ്പത്തിക വർഷാദ്യം പ്രവർത്തന ക്ഷമമാക്കും.

## ഇടപ്പള്ളിയിൽ ഐ.ടി പാർക്കും കൺവെൻഷൻ സെന്ററും

ഇടപ്പള്ളി മാമംഗലത്തുള്ള നഗരസഭ സ്ഥലത്ത് 65,000 സ്ക്വയർ ഫീറ്റ് വസ്തീർണ്ണമുള്ള കൺവെൻഷൻ സെന്റർ നിർമ്മിക്കും. ആയിരം പേർക്ക് ഇരിക്കാവുന്ന ഹാളും 500 പേർക്ക് ഒരേ സമയം ഭക്ഷണം കഴിക്കാൻ സൗകര്യവുമുള്ള ഡൈനിംഗ് ഹാളും 150 പേർക്ക് മീറ്റിങ്ങ് നടത്താൻ കഴിയുന്ന രണ്ട് മിനി ഹാളുകളും ഒരേ സമയം 50 പേർക്ക് ഉപയോഗിക്കാവുന്ന ടോയിലറ്റ് സൗകര്യവും എക്സിബിഷനുള്ള സൗകര്യങ്ങളും ഇവിടെയുണ്ടാവും. 300 കാറുകൾക്കുള്ള പാർക്കിംഗ് സംവിധാനവും ഇതോടനുബന്ധിച്ചുണ്ടാകും. ഈ സാമ്പത്തിക വർഷത്തിൽ ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

## ഐ.ടി.പാർക്ക്

രണ്ട് ബ്ലോക്കുകളിലായി 2,13,000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള, ഗ്രൗണ്ട് ഫ്ളോർ കൂടാതെ ഒൻപത് നിലകളിലുള്ള, ഐ.ടി പാർക്ക് ഇടപ്പള്ളിയിലെ വ്യവസായ ആവശ്യങ്ങൾക്കായി വാങ്ങിയ നഗരസഭ വക സ്ഥലത്ത് നിർമ്മിക്കും. പ്രൈവറ്റ് പബ്ളിക് പാർട്ടിസിപ്പേഷനിലൂടെ ഐ.ടിപാർക്ക് നിർമ്മിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

## കലൂർ ബസ്സ് ടെർമിനൽ നവീകരണം

കലൂർ ബസ്റ്റാന്റിനോട് ചേർന്നുള്ള ഒരേക്കർ തൊണ്ണൂറു സെന്റ് സ്ഥലത്ത് ബസ് സ്റ്റാന്റ് ആധുനിക സൗകര്യങ്ങളോടെ നവീകരിക്കും. ബസ്സുകൾ വന്നു ചേരുന്നതിനും തിരിച്ചു പോകുന്നതിനും ബസ്സുകളുടെ പാർക്കിംഗിനും പ്രത്യേകം പ്രത്യേകം സൗകര്യങ്ങളേർപ്പടുത്തും. 70,000 സ്ക്വയർ ഫീറ്റ് വരുന്ന പുതിയ കമേർഷ്യൽ കോംപ്ലക്സ് നിർമ്മിക്കും. ബസ്സ് ബേ, അറൈവൽ ടെർമിനൽ, ഡിപ്പാർച്ചർ ടെർമിനൽ തുടങ്ങിയവ നിർമ്മിക്കുന്നതിന് മൂന്നു കോടിയും കമേർഷ്യൽ കോംപ്ലക്സ് നിർമ്മാണത്തിന് 9,14,60,000/- രൂപയും ഉൾപ്പെടെ 12,14,60,000/- രൂപ ഇതിന് ചെലവ് വരുമെന്ന് കണക്കാക്കുന്നു. നിർമ്മാണം പൂർത്തീകരിക്കുന്നതോടെ പ്രതിവർഷം വാടകയിനത്തിൽ 3,40,40,800/- രൂപ വരുമാനം പ്രതീക്ഷിക്കുന്നു.

## കലൂർ മണപ്പാട്ടിപ്പറമ്പിൽ വാണിജ്യ മന്ദിരം

കലൂർ മണപ്പാട്ടിപ്പറമ്പിലുള്ള നഗരസഭയുടെ സ്ഥലത്ത് ഗ്രൗണ്ട് ഫ്ളോർ ഉൾപ്പെടെ അഞ്ചു നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നതിന് നിർദ്ദേശം വയ്ക്കുന്നു. 3000 സ്ക്വയർ ഫീറ്റ് ക്യാൻസർ ഡിറ്റക്ഷൻ സെന്ററിനും 30000 സ്ക്വയർ ഫീറ്റ് വാണിജ്യ ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്താൻ കഴിയും ഉദ്ദേശം 4.3 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രതി വർഷം വാടകയിനത്തിൽ ഒരു കോടി എട്ട് ലക്ഷം രൂപ ലഭിക്കുമെന്ന് കണക്കാക്കുന്നു.

## പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റ്

പള്ളുരുത്തിയിലുള്ള അഗതി മന്ദിരം കൂടുതൽ സൗകര്യങ്ങളോടെ ഇടക്കൊച്ചിയിലേക്ക് മാറ്റുന്നതിന് അവിടെ നിർമ്മാണം ആരംഭിച്ചതാണ്. എന്നാൽ വർക്ക് കരാർ എടുത്തിട്ടുള്ള ഹാബിറ്റാറ്റ് എന്ന സർക്കാർ ഏജൻസി മെറ്റീരിയൽസിന്റെ വില വർദ്ധിച്ചതിനാൽ മാസങ്ങളായി വർക്ക് നിർത്തിവച്ചിരിക്കുകയാണ്. നിലവിലുള്ള നിയമ പ്രകാരം ഒരു ഷെഡ്യൂൾ പ്രകാരം ടെൻഡർ എടുത്താൽ പിന്നീട് ഷെഡ്യൂളിൽ ഉണ്ടാകുന്ന വർദ്ധനവ് കൊടുക്കുന്നതിന് വ്യവസ്ഥയില്ല. വേല ചെയ്യുന്നില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ടെൻഡർ ചെയ്യലല്ലാതെ

മറ്റുയാതൊരു മാർഗ്ഗവുമില്ല. ഗവൺമെന്റ് സ്ഥാപനം എന്ന പരിഗണന നല്കി അധിക നിരക്ക് അനുവദിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടെങ്കിലും ചട്ടപ്രകാരം അനുവദിക്കാനാവില്ലെന്ന നിലപാടിലാണ് സർക്കാരും. ഹാബിറ്റാറ്റിന്റെ നഷ്ടോത്തരവാദിത്വത്തിൽ റീടെൻഡർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. സാങ്കേതിക കുരുക്കഴിച്ച് നിർമ്മാണം ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 1.3 കോടി രൂപ നീക്കി വയ്ക്കുന്നു.

നിലവിലുള്ള റിലീഫ് സെറ്റിൽമെന്റ് മാറ്റി സ്ഥാപിക്കുന്നമുറക്ക് പള്ളുരുത്തിയിൽ കൺവെൻഷൻ സെന്ററും ഷോപ്പിംഗ് മാളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പള്ളുരുത്തി ടൗൺ ഹാൾ

കഴിഞ്ഞ ടേമിൽ പണിയാരംഭിച്ച പള്ളുരുത്തി ടൗൺഹാളിന്റെ ഡിസൈനിൽ അഴിച്ചു പണി നടത്തി ചുരുക്കിയതും വീണ്ടും വികസിപ്പിച്ചതും കാലതാമസത്തിനിടയാക്കി. നിരക്ക് വർദ്ധിപ്പിച്ച് കിട്ടണമെന്ന കരാറുകാരന്റെ ആവശ്യം അംഗീകരിക്കാൻ നിയമാനുസൃതം കഴിയില്ല. ജോലി നിർത്തിവച്ച കോൺട്രാക്ടർക്ക് നിരവധി തവണ നോട്ടീസ് കൊടുത്തെങ്കിലും പണിയാരംഭിക്കുന്നതിന് കരാറുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. ഏത് സാഹചര്യത്തിലായാലും ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ടൗൺഹാൾ നിർമ്മാണം പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതാണ്.

## ഒരു സ്വപ്നം പൂവണിയുന്നു.

ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി, എറണാകുളം മുനിസിപ്പാലിറ്റികളുടേയും തുടർച്ചയിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെയും നാളിതുവരെയുള്ള വികാസ പരിണാമ ചരിത്രത്തിൽ അത്യധികം സങ്കീർണമായ നാളുകൾ ആയിരുന്നു പോയ വർഷത്തേത്. പ്രതിസന്ധികളെയും പ്രയാസങ്ങളെയും അതിജീവിക്കാൻ ആരാധ്യയായ മേയറുടെ നേതൃത്വത്തിലുള്ള കൗൺസിലിന്റെ കൂട്ടായ്മയിലുടേയും വർദ്ധിച്ച ജനകീയ സഹകരണത്തോടെയും നമുക്ക് സാധിച്ചു.

ദശാബ്ദങ്ങളായി കൊച്ചി പൗരാവലി സ്വപ്നം കണ്ടിരുന്ന മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിനു മുമ്പുള്ള ട്രയൽറൺ ആരംഭിച്ചതിന്റെ നിറഞ്ഞ സന്തോഷത്തോടെയാണ് ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിക്കുവേണ്ടി ഞാൻ ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്.

ഇൻഡ്യക്കാകെ മാതൃകയാക്കാവുന്ന ഒന്നായിരിക്കും, നാം പൂർത്തീകരിച്ചിട്ടുള്ള ബ്രഹ്മപുര്ത്തെ പ്ലാന്റ്. വർഷങ്ങൾക്കപ്പുറത്ത് നാം ഏറ്റെടുത്ത 37.33 ഏക്കർ സ്ഥലത്തിന്റെ ചുറ്റളവിനുള്ളിൽ ഉണ്ടായിരുന്ന 14.38 ഏക്കർ സ്ഥലവും കൂടി ലാന്റ് അക്വിസിഷൻ നടപടി ക്രമങ്ങൾ പൂർത്തികരിച്ച് ഏറ്റെടുക്കുന്നതിനുള്ള എല്ലാ നടപടി ക്രമങ്ങളും ഇതിനകം പൂർത്തീകരിച്ച് ഫണ്ട് കളക്ടർക്ക് കൈമാറിക്കഴിഞ്ഞു. ചുറ്റു മതിൽ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു. റോഡ് നിർമ്മാണത്തിനുള്ള ടെൻഡർ നടപടികളായി. പ്ലാന്റ് സൈറ്റിനുവെളിയിൽ തുണ്ടുകളായി കിടക്കുന്ന 11.63 ഏക്കർ സ്ഥലവും, ഒന്നായികിടക്കുന്ന 51 ഏക്കർ സ്ഥലവും ഉൾപ്പെടെ 63.32 ഏക്കർ സ്ഥലം ഇപ്പോൾ നഗസഭയക്ക് സ്വന്തമായി ബ്രഹ്മപുരത്തുണ്ട്. കോപൗണ്ട് വാൾ നിർമ്മാണം പൂർത്തീകരിക്കുന്നതോടെ ഗ്രീൻ ബെൽറ്റ് നിർമ്മാണം ആരംഭിക്കാൻ കഴിയും.

ബ്രഹ്മപുരം പ്ലാന്റ് കമ്മീഷൻ ചെയ്യുന്ന ചടങ്ങിൽ സംബന്ധിക്കുന്നതിന് ബഹുമാന്യനായ കേന്ദ്ര നഗരവികസന മന്ത്രി ശ്രീ.ജയ്പാൽ റെഡ്ഡി താല്പര്യം അറിയിച്ചിട്ടുണ്ട്. ബഹുമാന്യനായ കേരള മുഖ്യ മന്ത്രിയും, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും, ഫിഷറീസ് രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയും ജില്ലയിലെ എം.പി.മാരും, എം.എൽ.എ മാരും മുൻസിപ്പൽ പഞ്ചായത്ത് ഭാരവാഹികളും പങ്കെടുക്കുന്ന ഉത്സവച്ഛായയോടെയുള്ള ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഈ പദ്ധതിയുടെ ഉദ്ഘാടനം ഏപ്രിൽ ആദ്യവാരത്തിൽ സംഘടിപ്പിക്കുന്നതിന് ഇതിനകം തീരുമാനിച്ചിട്ടുണ്ട്.

മനുഷ്യന്റെ മലം നിറച്ച, വീപ്പഘടിപ്പിച്ച തുറന്ന വണ്ടി വലിച്ചു കൊണ്ടു പോകുന്ന തോട്ടികളെ കണിക്കണ്ടുണരുന്ന ഒരു കാലം കൊച്ചിക്കുണ്ടായിരുന്നു. ആദരണീയനായ ശ്രീ. എ.സി. ജോസ് മേയറായിരുന്ന കൗൺസിലായിരുന്നു മനുഷ്യൻ മനുഷ്യന്റെ മലം ചുമക്കുന്ന പ്രാകൃത രീതി അവസാനിപ്പിക്കാൻ തീരുമാനിച്ചത്. കൊച്ചിയുടെ മാലിന്യ പ്രശ്നത്തിന്റെ ഒന്നാംഘട്ടം 1980 തോടെ പൂർണ്ണമായും പരിഹരിക്കപ്പെട്ടു.

നഗരത്തിലെ ചപ്പുചവറുകൾ സംസ്ക്കരിക്കുന്നതിന് ഏറ്റവും അനുയോജ്യമായ ഇടം കണ്ടെത്തി മാലിന്യ സംസ്ക്കരണ പ്ലാന്റ് ആധുനിക രീതിയിൽ നിർമ്മിക്കുന്നതിന് 1969 മുതൽ 1979വരെ അധികാരത്തിലിരുന്ന കൊച്ചി കോർപ്പറേഷന്റെ ഒന്നാം കൗൺസിൽ തന്നെ തീരുമാനിച്ചെങ്കിലും അന്നത്തെ ഒരു ഡെപ്യൂട്ടി മേയറടക്കം ഭരണമുന്നണിയുടെ ഒരു വിഭാഗത്തിന്റെ എതിർപ്പിനെ തുടർന്ന് നടക്കാതെ പോയി. ദുർഗന്ധം പരക്കുന്ന മലം ഡിപ്പോയിനോട് ചേർന്ന് ആൾപാർപ്പ് കുറഞ്ഞതും തുറസായ ഒഴിഞ്ഞ സ്ഥലത്ത് ശാസ്ത്രീയമായ ഖരമാലിന്യ സംസ്ക്കരണ ശാല വരുന്നതിനെ എതിർക്കുകയും അവിടുന്ന് മാറ്റാൻ തീരുമാനിക്കുകയും ചെയ്തതോടെ നഗരത്തിനകത്തും പുറത്തും എവിടെ ഖരമാലിന്യ സംസ്ക്കരണത്തിന് നിശ്ചയിച്ചാലും അതിശക്തമായ എതിർപ്പുകൾ ഉയർന്നുവരാൻ ഇടയായി. ഇതിന്റെ ഏറ്റവും ഉയർന്ന രൂപമായിരുന്നു 2006 ഡിസംബർ 1–ാം തീയതി മുതൽ ആരംഭിച്ചതും ഇടവേളയ്ക്ക് ശേഷം കത്തിജ്വലിച്ച് ആളി പടർന്നതുമായ മാലിന്യ പ്രശ്നം.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി വി.എസ്സും, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. പാലൊളി മുഹമ്മദ്കുട്ടി, ഫിഷറീസ് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി എസ്സ്.ശർമ്മ, ശ്രീ. ഗോപി കോട്ടമുറിക്കൽ, ശ്രീ. കെ.എൻ. രവീന്ദ്രനാഥ്, ശ്രീ. ഇ.കെ. നാരായണൻ, ശ്രീ. കെ.ചന്ദ്രൻ പിള്ള എം.പി., ഡോ. സെബാസ്റ്റ്യൻ പോൾ എം.പി., ശ്രീ. സി.എം. ദിനേശ്മണി. എം.എൽ.എ.. പ്രൊഫ. കെ.വി. തോമസ് എം.എൽ.എ, ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് എം.എൽ.എ., ശ്രീ. കെ. ബാബു എം.എൽ.എ. തുടങ്ങിയ ജനപ്രതിനിധികളും ജനനേതാക്കളും ജില്ലാ കളക്ടർ ശ്രീ. മുഹമ്മദ് ഹനീഷും, വിവരണാതീതമായ സഹായങ്ങൾ നൽകിയിട്ടുണ്ട്. ജില്ലാ റെസിഡന്റ്സ് അസോസിയേഷനും, ഘടക അസോസിയേഷനുകളും നഗരത്തിലെ വിവിധ വ്യാപാര വ്യവസായ സംഘടനകളും, മറ്റു സന്നദ്ധപ്രവർത്തകരും ജസ്റ്റീസ് വി.ആർ കൃഷ്ണയ്യർ, പ്രൊഫ. എം.കെ. സാനു മാസ്റ്റർ തുടങ്ങിയ മഹത് വ്യക്തികളും, ടി.കെ. ജോസ്. ഐ.എ.സ്., പ്രൊഫ. പി.കെ. രവീന്ദ്രൻ എന്നിവരും നഗരം നേരിട്ട പ്രതിസന്ധി പരിഹരിക്കാനുള്ള കൂട്ടായ്മയിൽ നേതൃത്വപരമായ പങ്ക് വഹിക്കുകയുണ്ടായി. എഫ്.എ.സി.ടി. കൊച്ചി ഡിവിഷനിലെ സ്ഥലത്താണിപ്പോൾ മാലിന്യ സംസ്ക്കരണം കുറ്റമറ്റ രീതിയിൽ നടത്തിപ്പോരുന്നത്. നഗരവാസികളുടെ മനസ്സിൽ ഏറെക്കാലം തങ്ങിനിൽക്കാൻ ഇടയുള്ള കൊച്ചിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയാണ് ഭരണനേതൃത്വവും, കൗൺസിലും നേരിട്ടത്. ഈ ആപൽഘട്ടത്തിൽ കൗൺസിലിനെ സഹായിച്ച മേൽപറഞ്ഞവരും, പേര് പറയാത്തവരുമായ മുഴുവൻ പേർക്കും കൗൺസിലിന്റെ അകമഴിഞ്ഞ നന്ദി അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു.

26/11/2006 ൽ ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പ്ലാന്റിന് ശിലയിട്ടെങ്കിലും മേൽ സൂചിപ്പിച്ച പ്രശ്നങ്ങളാലും കാലവർഷം മൂലവും നിർമ്മാണം തുടങ്ങാൻ വൈകി. എന്നാൽ എല്ലാ വ്യാഴ്ചകളിലും ഇടവിട്ട് ബ്രഹ്മപുരം പ്ലാന്റ് സൈറ്റിലും നഗരസഭ ആഫീസിലും ആരാധ്യയായ മേയറും. ഡെ.മേയറും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും സെക്രട്ടറി, സി.ഇ., പ്രോജക്ട് വിഭാഗം എഞ്ചിനീയർമാർ, എ.പി.ടി.ഡി.സി. പ്രതിനിധികൾ, അവരുടെ കരാറുകാരൻ, ഫെഡൊയുടെ എഞ്ചിനിയർമാർ എന്നിവരും ചേർന്ന് തുടർച്ചയായി അവലോകന മീറ്റിംഗുകൾ ചേർന്നിരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. പാലൊളി മുഹമ്മദ് കുട്ടി, എൽ.എസ്.ജി.ഡി. സെക്രട്ടറി ശ്രീ.ടി.കെ. ജോസ്, പ്രൊഫ. പി.കെ. രവീന്ദ്രൻ, ജില്ലാകളക്ടർ എന്നിവരും നേരിട്ട് പരിശോധനയും പുരോഗതിയുടെ അവലോകനവും നടത്തി നമ്മെ സഹായിച്ചിട്ടുണ്ട്. മന്ത്രി തന്നെ നേരിട്ട് പ്ലാന്റ് സൈറ്റ് സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാവേണ്ട അനുമതികൾ അതിവേഗതയിൽ നൽകി സഹായിക്കാനും തയ്യാറായി എന്നതും വിസ്മരിക്കാനാവില്ല. കൗൺസിലിന്റെ കൂട്ടായ്മയും ജനങ്ങളുടെ പിന്തുണയും ഗവൺമെന്റിന്റെ സഹായവും കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ 50% JNNURM ഫണ്ടും ഒത്ത് ചേർന്ന് ഈവർഷത്തിൽ നഗരവാസികുളുടെ വിരിയാതിരുന്ന ഒരു സ്വപ്നത്തെ വിരിയിക്കാൻ കഴിഞ്ഞു.

അലിയുന്നതും അലിയാത്തതുമായ മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വേർതിരിച്ചു തന്നെ ശേഖരിക്കും എന്ന് ഇനിയും ഉറപ്പാക്കാനുള്ള ബാധ്യത നമുക്കുണ്ട്. 55,000 കുടുംബങ്ങൾക്ക് ഇതിനകം 2 ബക്കറ്റുകൾ വീതം വിതരണം ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർ തന്നെ പങ്കെടുത്ത് ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി മേഖല യോഗങ്ങളും, ശില്പശാലകളും, ഡിവിഷൻ തല യോഗങ്ങളും ചേർന്നു. ബക്കറ്റ് ലഭിച്ചവർ ഭൂരിപക്ഷവും അത് സെഗ്രിഗേറ്റ് ചെയ്ത് മാലിന്യം ശേഖരിക്കുന്നതിന് പ്രയേജനപ്പെടുത്തുന്നില്ല. ഹെൽത്ത് ഉദ്യോഗസ്ഥരുടേയും റെസിഡൻസ് അസോസിയേഷനുകളുടേയും ഇടതടവില്ലാതെയുള്ള ഇടപെടലുകളിലുടെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്ന് കരുതുന്നു.

നഗരത്തിലെ മുഴുവൻ വീടുകൾക്കും ചെറു സ്ഥാപനങ്ങൾക്കും സെഗ്രിഗേററ് കളക്ഷനു വേണ്ടി 2.5 ലക്ഷം ബക്കറ്റുകൾ കൂടി അടിയന്തിരമായി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബ്രഹ്മപുരം പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കുന്നതോടെ മാലിന്യം പാതയോരങ്ങളിൽ കൂട്ടിയിടുന്നതിന് വിരാമമാകും. ചവർശേഖരണ വാഹനങ്ങളുടെ റൂട്ട് മാപ്പ് തയ്യാറാക്കി കളക്ഷൻ പോയിന്റുകളിൽ എത്തുന്ന സമയം മുൻകൂട്ടി പ്രഖ്യാപിക്കും. നിശ്ചയിക്കുന്ന കളക്ഷൻ കേന്ദ്രങ്ങളിൽ പ്രഖ്യാപിക്കുന്ന സമയത്ത് വാഹനം എത്തിച്ചേരും. ഉത്പാദനകേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം വാഹനത്തിലേക്ക് എത്തിക്കുന്ന സംമ്പ്രദായം നടപ്പിലാക്കും. ഇത് ഫലപ്രദമാകുന്നതോടെ സീറോ ഗാർബേജ് സിറ്റിയായി – ക്ലീൻ കൊച്ചിയായി – നഗരം മാറും.

വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനുള്ള ബിന്നുകൾ ഉൾപ്പെടെ 313 കൈവണ്ടികളും 72 വീൽ ബാരോകളും ആറ് കവചിത ടിപ്പറുകളും രണ്ട് ടിപ്പർ ട്രക്കുകളും ആറ് കംപ്രസറുകളും ഒരു ഹൈഡ്രോളിക് ലിഫ്റ്റും 2 ക്രൂ ക്യാബുകളും ഒരു ജീപ്പും 75 ആട്ടോറിക്ഷകളും മൂന്ന് മാസങ്ങൾക്കകം വാങ്ങുന്നതാണ്. 43.92 കോടി രൂപ ഇതിനായി വകയിരുത്തുന്നു.

<u>ബ്രഹ്മപുരം ജൈവവള ഉത്പാദനപ്ലാന്റിന്റെ തുടർ നടത്തിപ്പും മാനേജ്മെന്റും</u>

ബ്രഹ്മപുരം പ്ലാന്റ് സൈറ്റിന്റെ അതിർത്തിയിൽ ഗ്രീൻബെൽറ്റ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം മെയ് – ജൂൺമാസത്തിൽ ആരംഭിക്കും. പച്ചക്കറിത്തോട്ടം, ഔഷധച്ചെടികൾ എന്നിവയ്ക്കൊപ്പം ഫല വൃക്ഷങ്ങളും നട്ടുവളർത്തും. ഗ്രീൻ ബെൽറ്റിന് മദ്ധ്യത്തിലൂടെ പ്രഭാത – സായാഹ്ന സവാരിക്കുള്ള വാക്‌വേ നിർമ്മിക്കും. നഗരസഭയുടെ ഗസ്റ്റ് ഹൗസ്, കോൺഫറൻസ് ഹാൾ, സ്റ്റാഫ് ക്വാട്ടേഴ്സ് എന്നിവയും നഗരസഭ വാഹനങ്ങൾക്കുള്ള ഗ്യാരേജും വർക്ഷോപ്പും നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ 75 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

അലിയാത്ത വസ്തുക്കളുപയോഗിച്ച് മറ്റുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും റീസൈക്ലിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കും.

മാലിന്യ സംസ്ക്കരണ യൂണിറ്റ് എന്നതിനപ്പുറം ജൈവവള ഉത്പാദന കേന്ദ്രം എന്ന നിലയിലേക്ക് ഉയർത്തുന്നതിനും രാജ്യത്തെ ഏറ്റവും നല്ല മാതൃകാപരമായ

പ്രോജക്ടാക്കി മാറ്റുന്നതിനും മികച്ച മാനേജ്മെന്റ് സംവിധാനത്തിന് രൂപം കൊടുക്കുന്നതാണ്. ഫലപ്രദമായ മോണിറ്ററിംഗ് ഏർപ്പെടുത്തും. സാങ്കേതിക വിദഗ്ധരേയും ജനപ്രതിനിധികളേയും മോണിട്ടറിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തും.

## വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണം

പൊന്നുരുന്നി ഈസ്റ്റ് 47, പൊന്നുരുന്നി 51, രവിപുരം 59, ഇടപ്പള്ളി 37, അമരാവതി 28, പച്ചാളം 70, എറണാകുളം നോർത്ത് 65, കലൂർ നോർത്ത് 63, എന്നീ ഡിവിഷനുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണയൂണിറ്റുകൾ സ്ഥാപിച്ച് വിജയകരമായി പ്രവർത്തിച്ചു വരുന്നു. ഇതിൽ അഞ്ച് ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിലെ അപാകത മൂലവും കപ്പാസിറ്റിയെകാൾ കൂടുതൽ മാലിന്യം നിക്ഷേപ്പിച്ചതുകൊണ്ടും നടത്തിപ്പിലെ പോരായ്മകൾകൊണ്ടും ഇപ്പോൾ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. ബ്രഹ്മപുരത്തെ കേന്ദ്രീകൃത പ്ലാന്റിനെ ആശ്രയിക്കാതെ തന്നെ പരമാവധി വികേന്ദ്രികൃത മാലിന്യ സംസ്ക്കരണ സമ്പ്രദായത്തിന് നഗരസഭ കൂടുതൽ പ്രോത്സാഹനം കൊടുക്കുന്നതാണ്. വിവിധ റസിഡൻസ് അസോസിയേഷനുകൾ ഈ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിച്ചു പോരുന്നു.

എറണാകുളം ജനറൽ ആശുപത്രിയിൽ പ്രൊഫ. കെ.വി. തോമസ് എം.എൽ.എ.യുടെ ഫണ്ടുപയോഗിച്ച് സ്ഥാപിച്ച ബയോഗ്യസ് പ്ലാന്റ് നല്ല മാതൃകയാണ്.

## വികേന്ദ്രികൃത മാലിന്യ സംസ്ക്കരണത്തിൽ സ്വകാര്യ പങ്കാളിത്വം

നഗരത്തിലെ സ്വകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന സംഘടനകൾക്കാകെ മാതൃകയായി കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ നഗരസഭയുമായ് ചേർന്ന് രവിപുരത്ത് ഹോട്ടൽ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. 36 ഹോട്ടലുകൾ ഈ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. രണ്ടാമതൊരു പ്ലാന്റ് കൂടി സ്ഥാപിക്കുന്നതിന് സംഘടന നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള ബിൽഡേഴ്സ് ഫോറം 50 ഫ്ളാറ്റുകളിൽ എയറോബിക് സമ്പ്രദായത്തിൽ മാലിന്യത്തിൽ നിന്നും വളം നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്

തീരുമാനിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നത് സ്വാഗതാർഹമാണ്.

നഗരത്തിൽ പ്രവർത്തിക്കുന്ന എല്ലാ വലിയ സ്വകാര്യ ആശുപത്രികളിലും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുകയുണ്ടായി. നഗരസഭയുടെ ഭരണനേതൃത്വം നിരന്തരമായി കൂടുതൽ മാലിന്യം പുറംതള്ളിയിരുന്ന സ്ഥാപനങ്ങളുടെ മാനേജ്മെന്റുമായും അവരുടെ സംഘടനകളുമായും ബന്ധപ്പെട്ട് നടത്തിയ ഇടപെടലുകളുടെയും അഭ്യർത്ഥനയുടേയും ഫലമായിട്ടാണ് ഇത്രയും സാധ്യമായത്. മറ്റെല്ലാ സ്വകാര്യ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും മാതൃകയായി വികേന്ദ്രീകൃത മാലിന്യസംസ്ക്കരണത്തിന് സന്നദ്ധരായി ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന ഹോസ്പിറ്റൽ മാനേജ്മെന്റ് അസോസിയേഷൻ, ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ, കേരള ബിൽഡേഴ്സ് ഫോറം, എറണാകുളം ജനറൽ ഹോസ്പിറ്റൽ ഡവലപ്പമെന്റ് കമ്മിറ്റി, കാരക്കാമുറി റസിഡന്റ്സ് അസോസിയേഷൻ, റൈസ് റിസർച്ച് റോഡ് റസിഡൻസ് അസോസിയേഷൻ, പിയോളി റസിഡൻസ് അസോസിയേഷൻ എന്നീ പ്രസ്ഥാനങ്ങളോടും സംഘടനകളോടും അതിലെ അംഗങ്ങളോടും ഞങ്ങൾക്കുള്ള നന്ദി അറിയിക്കുന്നു. ഈ മാതൃക മറ്റെല്ലാ സംഘടനകളും സ്ഥാപനങ്ങളും പിൻതുടരണമെന്ന് നഗരസഭ ആഗ്രഹിക്കുന്നു.

## <u>കൊതുകുരഹിത കൊച്ചി</u>

കൊച്ചി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് കൊതുകുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. കൊതുകില്ലാത്ത കൊച്ചിയെ തീർക്കാൻ കഴിഞ്ഞ നാലുപതിറ്റുണ്ടുകൾക്കിടയിൽ മാറി മാറി വന്ന ഭരണാധികാരികളും കൗൺസിലും ചിലവഴിച്ച കോടികൾ എത്രയെന്ന് തിട്ടപ്പെടുത്താൻ നിരവധി ദിനരാത്രങ്ങൾ വേണ്ടിവരും. പരീക്ഷണങ്ങൾ നിരവധി നടത്തി. പരിഹാരം ഇപ്പോഴും അകലെയാണ്. കാന ക്ലീനിങ്ങും ഉപ്പുവെള്ളം തളിക്കലും ബയോ ലാർവൈസ്ഡ് പ്രയോഗവും ഫോഗിംഗും കൂടുതൽ കാര്യക്ഷമമായും പ്ലാനിംഗിന്റെ അടിസ്ഥാനത്തിലും തുടർന്നും നിർവ്വഹിക്കും.

കൊതുകുരഹിത കൊച്ചി എന്ന നഗരവാസികളുടെ ആഗ്രഹം യാഥാർത്ഥ്യമാക്കാൻ ഒന്നാമതായി ശാസ്ത്രീയമായ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും, സ്വീവേജ് പൈപ്പ്ലൈനുകളും സ്ഥാപിക്കേണ്ടതുണ്ട്. എളംകുളത്ത് ഇൻഡ്യൻ പ്രസിഡന്റ് ബാബു രാജേന്ദ്രപ്രസാദ് ഉദ്ഘാടനം ചെയ്ത നിലവിലുള്ള സ്വീവേജ് സംവിധാനം കുറ്റമറ്റതാക്കി പ്രയോജനപ്പെടുത്തുന്നതിനും പുതിയത് സ്ഥാപിച്ചുകൊണ്ടും

മുണ്ടംവേലി, ഇടപ്പള്ളി, എന്നീ മേഖലകളിൽ രണ്ട് പ്ലാന്റുകൾകൂടി നിർമ്മക്കുന്നതിനും പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു. ഇതിനായി 10 പമ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കണം. പമ്പിംഗ് സ്റ്റേഷനുകൾക്കും പുതിയ പ്ലാന്റുകൾക്കും സ്ഥലം നിർണ്ണയിച്ച് ലാന്റ് അക്വിസിഷനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നഗരസഭയക്ക് വേണ്ടി കേരള വാട്ടർ അതോറിട്ടിയാണ് പ്രോജക്ട് തയ്യറാക്കുന്നതും നിർമ്മാണ ചുമതല വഹിക്കുന്നതും. നഗരത്തിൽ നിലവിലുള്ള മുഴവൻ സെപ്റ്റിക് ടാങ്ക് കക്കൂസുകളും ഇല്ലാതാക്കി കെട്ടിടങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ആധുനിക സ്വീവറേജ് സിസ്റ്റം നടപ്പിലാക്കിയാൽ മാത്രമേ കൊതുകില്ലാത്ത കൊച്ചി യാഥാർത്ഥ്യമാക്കാൻ കഴിയും ഇതിന് സമഗ്രമായ പ്രോജക്ട് തയാറാക്കി വരുന്നു. ഒന്നാംഘട്ടം നടപ്പിലാക്കുന്നതിന് 24.62 കോടി രുപ വകയിരുത്തുന്നു.

പുതുതായി നിർമ്മിക്കുന്ന വലിയ കോമേർഷ്യൽ ബിൽഡിങ്ങുകളിലും ഫ്ളാറ്റുകളിലും വലിയ പാർപ്പിടകേന്ദ്രങ്ങളിലും ഇന്റർസെപ്റ്ററൽ സ്വീവേജ് സിസ്റ്റവും ഖരമാലിന്യ നിർമ്മാർജന പ്ലാൻും നിർബന്ധമാക്കും. ബിൽഡിംഗ് പെർമിറ്റ് കൊടുക്കുമ്പോൾ മാലിന്യ സംസ്ക്കരണത്തിനും അഴുക്കുചാൽ സംവിധാനത്തിനും അംഗീകൃത പ്ലാൻ ഉണ്ടായിരിക്കണം. സ്വീവറേജ്, ഖരമാലിന്യ സംസ്ക്കരണ പ്ലാൻുകൾ നിർമ്മിച്ചെങ്കിൽ മാത്രമേ കംപ്ലീഷൻ സർട്ടിഫിക്കറ്റ് കൊടുക്കേണ്ടതുള്ളു എന്ന് തീരുമാനിക്കുന്നു.

## പ്ലാസ്റ്റിക്ക് നിർമ്മാർജനം

സംസ്ഥാനത്താദ്യമായി പ്ലാസ്റ്റിക്ക് നിരോധന ഉത്തരവ് പുറപ്പെടുവിച്ചത് നമ്മുടെ നഗരസഭയാണ്. പിന്നീട് ജില്ലാഭരണകൂടവും തുടർന്ന് ഗവൺമെന്റും അൻപത് മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക്ക് നിരോധിച്ചു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി 30 മൈക്രോണിനു മുകളിലുള്ള പ്ലാസ്റ്റിക്കിന്റെ നിരോധന ഉത്തരവ് റദ്ദ് ചെയ്തു. 50 മൈക്രോണിനു മുകളിലുള്ള പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളിലാണ് മാലിന്യം പൊതിഞ്ഞ് തെരുവുകളിലേക്കും, കാനകളിലേക്കും, കണ്ടെയ്നറുകളിലേക്കും പുറംതള്ളുന്നത്. പ്രകൃതി നാശത്തിന് വഴിവയ്ക്കുന്നതിനു പുറമേ വെള്ളം കെട്ടിനിന്ന് കൊതുക് പെരുകുവാനും ഇടയാക്കുന്നു. കൊച്ചി നഗരത്തിൽ പൂർണ്ണമായും പ്ലാസ്റ്റിക്ക് ഇല്ലാതാക്കുന്നതിന് നിരന്തരമായ ക്യാമ്പയിനുകളും നടപടികളും സ്വീകരിക്കും.

## സോളിഡ് വെയ്സറ്റ് മാനേജ്മെന്റ് ബൈലോ

ലോകത്തിലെ എല്ലാ പ്രധാന നഗരങ്ങളിലും നടപ്പിലാക്കിയിട്ടുള്ളതുപോലെ കൊച്ചിക്കും ബൈലോ തയ്യാറാക്കാൻ കഴിഞ്ഞു എന്ന പ്രധാന്യവും പ്രത്യേകതയും നമ്മുടെ ഈ കൗൺസിലിനവകാശപ്പെട്ടതാണ്. ഏതൊരു നഗരത്തിലുമെന്നതുപോലെ കൊച്ചിയിലും നിയമ വിരുദ്ധമായ അനവധി അരുതായ്മകൾ പൊതു ജനാരോഗ്യ ശുചീകരണ രംഗത്തും നിലനില്ക്കുന്നുണ്ട്. തെറ്റുകൾ ആവർത്തിക്കാതിരിക്കുന്നതിനും മെല്ലെയാണെങ്കിലും ശരിയിലേക്ക് നയിക്കുന്നതിനും പ്രചാരണ പ്രവർത്തനങ്ങളും ബോധവല്ക്കരണങ്ങളും മാത്രമായതുകൊണ്ടായില്ല. നടപടികളും പിഴ ഈടാക്കലും ലഘുശിക്ഷയും ചിലപ്പോഴെങ്കിലും വേണ്ടി വരും.

2000 ത്തിലെ സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് ആക്ടിനും സുപ്രീം കോടതി ഡയറക്ടീവിനും വിധേയമായി ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി കൗൺസിൽ ചർച്ച ചെയ്ത് വിജ്ഞാപനം ചെയ്ത നിയമാവലി സംബന്ധിച്ച് പൊതു ജനങ്ങളിൽ നിന്നും നിയമാനുസൃതം പരാതി സ്വീകരിച്ച് പരാതിയും നിർദ്ധേശവും സമർപ്പിച്ചവരെ ഹിയറിംഗ് നടത്തി വീണ്ടും കൗൺസിൽ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിരിക്കുന്നു. ഏപ്രിൽ മാസം മുതൽ നിയമാവലി പ്രാബല്യത്തിൽ വരുന്നതാണ്. അറബിക്കടലിന്റെ റാണിയായ കൊച്ചിയുടെ മനോഹാരിത സംരക്ഷിക്കുന്നതിനും വൃത്തിയുള്ള നഗരമാക്കി കൊച്ചിയെ മാറ്റി തീർക്കുന്നതിനും അവശ്യം ആവശ്യമായ ക്രമീകരണവും നിയന്ത്രണവും ശ്രദ്ധയും പുതിയ നിയമാവലിയിലൂടെ സാധ്യമാകും എന്ന് പ്രതീക്ഷിക്കാം. സംസ്ഥാനത്ത് ആദ്യമായി ഒരു തദ്ദേശസ്വയംഭരണസ്ഥാപനം നിയമാവലി തയ്യാറാക്കി പ്രസിദ്ധീകരിച്ചു നടപ്പിലാക്കിയെന്ന ക്രെഡിറ്റും നമുക്കുള്ളതാണ്.

<u>**ഉദ്യോഗസ്ഥരുടെ ബാദ്ധ്യത**</u>

നഗരസഭ കൗൺസിൽ തീരുമാനങ്ങൾ എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും അല്ലാത്ത സമയങ്ങളിലും സുത്യർഹമായി നിർവ്വഹിച്ചിട്ടുള്ള മുഴുവൻ വകുപ്പ്മേധാവികളേയും ജീവനക്കാരെയും അനുമോദിക്കുന്നു. പൊതുധാരക്കു വിപരീതമായി സഞ്ചരിക്കുന്നവർ തെറ്റു തിരുത്തണമെന്നും ആവശ്യപ്പെടുന്നു. നഗരസഭയിൽ നിന്നും ഏതെങ്കിലും ലൈസൻസ് കൊടുക്കുന്നതിനും പുതുക്കി നൽകുന്നതിനും സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനും മറ്റെല്ലാ സർക്കാർ സ്ഥാപനങ്ങളിലുമെന്നപോലെ അപേക്ഷകൻ നഗരസഭയുടെ എല്ലാ കുടിശ്ശികകളും തീർത്ത് അടച്ചിരിക്കണമെന്ന നിബന്ധന പലപ്പോഴും നടപ്പിലാക്കപ്പെടുന്നില്ല. കുടിശ്ശിക തീർത്തശേഷം മാത്രമേ പെർമിറ്റ് കൊടുക്കാവൂ എന്ന നിബന്ധന നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥൻ അപ്രകാരം

ചെയ്യുന്നില്ലെങ്കിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ലയബിലിറ്റിയായി നിശ്ചയിക്കുന്നതിന് തീരുമാനിക്കുന്നു.

ഒരോ വർഷവും ബഡ്ജറ്റിലുടെ പ്രഖ്യാപിക്കുന്ന പുതിയ വരുമാന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട വകുപ്പും അതിന്റെ ഉദ്യോഗസ്ഥരുമാണ്. 2003 – 2004 വർഷം മുതൽ തുടർച്ചയായി നിരവധി അധിക വരുമാന നിർദ്ദേശങ്ങൾ ബഡ്ജറ്റിലൂടെ പ്രസ്താവിച്ചിട്ടുള്ളത് പത്രമാധ്യമങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. പക്ഷേ നഗരസഭയുടെ ബന്ധപ്പെട്ട വകുപ്പുകളും കാര്യനിർവ്വഹണം നടത്തേണ്ട ഉദ്യോഗസ്ഥരും കൗൺസിലംഗീകരിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ വിമുഖത പ്രകടിപ്പിക്കുന്നതായി മനസ്സിലാക്കുന്നു. ആയതിനാൽ കഴിഞ്ഞകാലങ്ങളിൽ ബഡ്ജറ്റിൽ നിർദ്ദേശിച്ച വരുമാന നിർദ്ദേശങ്ങൾ ആവർത്തിക്കുക മാത്രമാണ് ഈ ബഡ്ജറ്റിൽ ചെയ്തിട്ടുള്ളത്. ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വരുമാന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ബാധ്യതപ്പെട്ട ഉദ്യോഗസ്ഥരും വകുപ്പ് മേധാവികളും ആയത് കൃത്യമായി നിർവ്വഹിക്കേണ്ടതാണ്.

തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാതെ വന്നാൽ അതുമൂലമുണ്ടാവുന്ന വരുമാന നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വകുപ്പുകളും ബാധ്യസ്ഥരായിരിക്കുമെന്ന് തീരുമാനിക്കുന്നു.

## ഡി ആന്റ് ഒ ലൈസൻസ്

2003 ൽ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും കൗൺസിലും അംഗീകരിച്ച് വിജ്ഞാപനം ചെയ്ത് പരാതി ലഭിക്കാതെ വന്നതിനെ തുടർന്ന് 2005 ലെ കൗൺസിൽ അന്തിമാംഗീകാരം നൽകി സർക്കാർ അംഗീകാരത്തിനയച്ച 1996 മുതൽ നിലനിന്നിരുന്ന D&O ലൈസൻസ് 2008 ഫെബ്രുവരി മുതൽ നടപ്പലാക്കാനാരംഭിച്ചപ്പോൾ കച്ചവടക്കാരുടെ ഭാഗത്തു നിന്നും വ്യാപകമായ പ്രതിക്ഷേധം ഉയർന്നു വരികയുണ്ടായി. കച്ചവടക്കാരുടെ എല്ലാസംഘടനകളുമായും ആരാധ്യയായ മേയർ തുടർച്ചയായി നടത്തിയ ചർച്ചകളിൽ കൗൺസിൽ പ്രഖ്യാപിച്ച പുതുക്കിയ ലൈസൻസിൽ അപാകതകൾ ഉണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് വ്യാപാരികളുടെ നിർദ്ദേശം കൂടി ഉൾപ്പെടുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്താൻ ഹെൽത്ത് കമ്മിറ്റി തയ്യാറായെങ്കിലും നടപടി ക്രമങ്ങളുടെ പൂർത്തീകരണത്തിന് കാലതാമസം ഉണ്ടാവുമെന്നതിനാൽ മാർച്ച് 31നകം പഴയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി പോരുകയാണ്.

വിവിധ വ്യാപാരവ്യവസായ വാണിജ്യ സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിലുടെ നിലവിലുള്ള D&O ലൈസൻസ് ഫീസ് കാലോചിതമായി പരിഷ്കരിക്കുന്നതിനും പുതിയ സാമ്പത്തീക വർഷം മുതൽ ഈടാക്കുന്നതിന് തീരുമാനിക്കുന്നു.

## കുത്തക വ്യാപാരം നിരോധിക്കും.

ചെറുകിട വ്യാപാര മേഖലയിൽ നഗരത്തിൽ പതിനായിരകണക്കിന് കച്ചവടക്കാർ വ്യാപരിക്കുന്നുണ്ട്. ഇവരുടെ തൊഴിലാളികളായും കയറ്റിറക്ക് തൊഴിലാളികളായും അനുബന്ധമേഖലകളുമായി ബന്ധപ്പെട്ടും ലക്ഷകണക്കിന് പേർ ഉപജീവനം നടത്തിപോരുന്നു. ഈ രംഗത്തേക്ക് വിദേശകുത്തകകളും ഇൻഡ്യൻ കുത്തകകളും കടന്നുവരുവാൻ ആരംഭിച്ചിരിക്കുന്നു. ഇത് ലക്ഷോപലക്ഷം വ്യാപാരികളുടെയും തൊഴിലാളുടെയും നിലനില്പ്പ് ഇല്ലാതാക്കുമെന്നതിനു പുറമേ ദീർഘകാല അടിസ്ഥാനത്തിൽ മലയാളികളുടെ ഭക്ഷ്യസംസ്ക്കാരത്തെ തന്നെ മാറ്റിതീർക്കും. ആരംഭത്തിൽ മോഹിപ്പിക്കും വിധം വിലകുറവായിരിക്കും. എന്നാൽ പിന്നീട് വിലകൾ നിശ്ചയിക്കാനുള്ള കുത്തകകളായി ഇവർ മാറും. കർഷകന്റെ ഉത്പന്നങ്ങളുടെ വിലയിടിവിനും ഇത് കാരണമാകുമെന്നതിനാൽ വിദേശ-സ്വദേശ കുത്തകകൾക്ക് ലൈസൻസ് കൊടുക്കേണ്ടതില്ലെന്നും നേരത്തെ കൊടുത്തുപോയിട്ടുണ്ടെങ്കിൽ ലൈസൻസ് പുതുക്കി കൊടുക്കേണ്ടതില്ലെന്നും തീരുമാനിക്കുന്നു. കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി പ്രവർത്തിച്ചാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. കുത്തക നിയന്ത്രണത്തിന് നിയമം നിലവിലില്ലാത്തതുമൂലം സർക്കാരോ മറ്റെതെങ്കിലും ഏജൻസിയോ ലൈസൻസ് കൊടുക്കാൻ ഉത്തരവിടുകയും ഇതുമൂലം ലൈസൻസ് കൊടുക്കേണ്ടിവരികയും ചെയ്താൽ അത്തരം സ്ഥാപനങ്ങൾക്ക് സ്ക്വയർ ഫീറ്റ് കണക്കാക്കി ലൈസൻസ് ഫീസ് ചുമത്തുന്നതാണ്. ഇപ്രകാരമുള്ള സ്ഥാപനത്തിന്റെ കുറഞ്ഞ ലൈസൻസ് ഫീസ് 1 ലക്ഷം രൂപയായിരിക്കും.

നിലവിൽ നിയമാനുസൃതം പ്രവർത്തിച്ചുവരുന്നതും പുതുതായി ആരംഭിക്കുന്നതുമായ സൂപ്പർമാർക്കറ്റുകൾക്ക് ഡവലപ്പ്മെന്റ് സർച്ചാർജ്ജായി 30,000/- രൂപ നിശ്ചയിക്കുന്നു. പലചരക്ക് വ്യാപാരത്തോടൊപ്പം സൂപ്പർമാർക്കറ്റുകളിൽ മത്സ്യം, മാംസം, റസ്റ്റോറന്റ്, ബേക്കറി, മരുന്നുകൾ എന്നിവകൂടി വില്പന നടത്തുന്ന പക്ഷം ഒരോന്നിനും പ്രത്യേകം പ്രത്യേകം പെർമിറ്റ് ചാർജ്ജ് ഈടാക്കുന്നതിന് നിശ്ചയിക്കുന്നു.

## കേബിൾ / ഹോർഡിംഗ്സ് / ടവ്വർ

കഴിഞ്ഞ ബഡ്ജറ്റിൽ കേബിളുകൾക്ക് മുകളിലുടെ വലിക്കുന്നതിന് കിലോമീറ്ററിന് 30,000/- രൂപയും അണ്ടർ ഗ്രൗണ്ട് കേബിളുകൾക്ക് 20,000/- രൂപയും പോസ്റ്റുകൾക്ക് ഒരു പോസ്റ്റിന് 750/- രൂപയും ബോക്സുകൾക്ക് 2,000/- രൂപയും നിശ്ചയിച്ചത് സ്റ്റാൻഡിംഗ് കമ്മിറ്റി നേരിട്ട് ഇടപ്പെട്ടതിനാൽ ഈടാക്കി പോരുന്നുണ്ട്. സാധരണ കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് ഈ നിരക്ക് താങ്ങാവുന്നതിനേക്കാൾ കൂടുതലാണെന്ന് പരാതി ഉയർന്നതിനെത്തുടർന്ന് കേബിൾ ടി.വി. ഓപ്പറേറ്റർമാരുമായി ചർച്ചചെയ്ത് അവർകൂടി അംഗീകരിച്ച പ്രകാരമുള്ള നിരക്ക് ഈടാക്കുന്നതിന് നിശ്ചയിക്കുന്നു. നഗരസഭ പോസ്റ്റുകളിലൂടെ കേബിൾ വലിക്കുന്നതിന് കിലോമിറ്ററിന് 7,000/- രൂപയും സ്ഥാപനങ്ങൾ സ്വന്തമായി പോസ്റ്റ് സ്ഥാപിച്ച് കേബിൾ വലിക്കുന്നതിന് കിലോമീറ്ററിന് 3,000/-രൂപയും നഗരസഭ റോഡിലുള്ള KSEB പോസ്റ്റിലൂടെ കേബിൾ സ്ഥാപിക്കുന്നതിന് കിലോമീറ്ററിന് 500/- രൂപയും പോസ്റ്റ് ഒന്നിന് 250/-രൂപയും ഈടാക്കുന്നതാണ്.

കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹോർഡിംഗ് ഫീസും ടവർ സർച്ചാർജും പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. ടവർ പെർമിറ്റ് സർച്ചാർജ്ജ് 3 ലക്ഷമായി വർദ്ധപ്പിക്കുന്നു. BSNL ടവറുകൾക്ക് 2 ലക്ഷം എന്നത് വർദ്ധിപ്പിക്കുന്നില്ല. ബഡ്ജറ്റിലൂടെയും അല്ലാതെയും കൗൺസിലംഗീകരിച്ച നിരക്കുകൾ ഈടാക്കി പെർമിറ്റ് കൊടുക്കുന്നതിന്റെ വേഗത വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്നദ്ധരാകണം.

## പൊതുമാരാമത്ത് വേലകൾ

കഴിഞ്ഞ ഏപ്രിൽ മാസത്തിലാരംഭിച്ച മഴ മാസങ്ങളോളം നീണ്ടു നിന്നു. 30 വർഷത്തെ ചരിത്രത്തിലെ ഏറ്റവും വലിയ മഴ പോയ വർഷത്തിലായിരുന്നു. മഴ മാറി വർക്കുകൾ ടെൻഡർ സേറ്റ്ജിലെത്തിയപ്പോഴേക്കും PWD ഷെഡ്യൂൾ പരിഷ്ക്കരിക്കുന്ന വാർത്ത പരന്നു. കരാറുകാർ വർക്ക് ടെൻഡർ എടുക്കാതെ നീട്ടികൊണ്ടുപോയി ഷെഡ്യൂൾ പരിഷ്ക്കരിച്ച ഉത്തരവ് ലഭിച്ചപ്പോൾ കഴിഞ്ഞ ബഡ്ജറ്റിലെ സ്പിൽ ഓവർ ഫയലുകളും പുതിയ നിർദ്ദേശങ്ങളും ഡിവിഷൻ ഫണ്ട് ചാർജ്ജ് ചെയ്തതുമുൾപ്പടെ

മുഴുവൻ വർക്ക് ഫയലുകളും റിവൈസ് ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള വിവിധ കമ്മിറ്റികളുടേയും കൗൺസിലിന്റെയും അംഗീകാരം കഴിഞ്ഞ് ടെൻഡർ നടപടികളിലേക്ക് നീങ്ങുമ്പോൾ ടാർ വില നിർണ്ണയത്തിന് അപാകതയും കരാറുകാരുടെ സമരവും വന്നു. വേല ചെയ്യാവുന്ന ഘട്ടത്തിലെത്തിയപ്പോഴേക്കും ജനകീയാസൂത്രണപദ്ധതി പ്രകാരമുള്ള ജോലികൾ അതിവേഗത്തിൽ ചെയ്തു തീർക്കേണ്ട ഘട്ടമെത്തി. വീണ്ടും ആഗോളതാപനം സൃഷ്ടിച്ചിട്ടുള്ള കാലസ്ഥാവ്യതിയാനം മൂലം അപ്രതീക്ഷിതവും അതിശക്തവുമായ മഴ- ഇതെല്ലാം ചേർന്നപ്പോൾ വർക്കുകൾ ചെയ്തു തീരാത്ത സ്ഥിതിയിലെത്തി. കഴിഞ്ഞ കുറയേറെ വർഷങ്ങളായി PWD ഷെഡ്യൂൾ പ്രകാരം കെട്ടിട നിർമ്മാണം, പാലങ്ങൾ, കൾവർട്ടുകൾ തുടങ്ങിയ ജോലികൾ കരാറെടുക്കാൻ ആരുമില്ലാത്ത അവസ്ഥ തുടരുകയാണ്. ഇപ്പോൾ മെറ്റീരിയൽസിന് ദിനംപ്രതി ഉയരുന്ന വില എല്ലാ ജോലികളും മരവിക്കുന്ന സ്ഥിതിയിലെത്തിച്ചിരിക്കുകയാണ്. ഫലം നഗരസഭയുടെ നാളിതുവരെയുള്ള ചരിത്രത്തിൽ ഏറ്റവും കൂടുതൽ സ്പിൽ ഓവർ വർക്കുകൾ ബഡ്ജറ്റിൽ ചേർക്കേണ്ട സ്ഥിതിയിലെത്തി എന്നതാണ്. ഒരു അങ്കണവാടിപോലും പണിയാൻ കഴിയാത്ത സ്ഥിതി. ഈയൊരു പ്രതിസന്ധി എങ്ങനെ മറികടക്കാൻ കഴിയും എന്നതു സംബന്ധിച്ച് പരിശോധന ആവശ്യമാണ്.

KSUDP – JNNURM പദ്ധതികളിൽ നഗരത്തിലെ വെള്ളക്കെട്ടിന് ശാസ്ത്രീയവും ശാശ്വതവുമായ പരിഹാരം കണ്ടെത്തുന്നതിന് GIS കോണ്ടൂർ മാപ്പിന്റെ അടിസ്ഥാനത്തിൽ ടോപ്പൊഗ്രഫിക്കൽ സർവ്വെയും പൂർത്തീകരിച്ച് ഒരോ കായൽ, കനാൽ, മേജർകാന എന്നിവയെ ബന്ധപ്പെടുത്തി കാനകൾ ആവിശ്യത്തിന് സ്ലോപ്പുള്ളതാക്കി പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. അതുകൊണ്ടുതന്നെ ഓരോ ഡിവിഷനിലും കാന പണിയും പണിതത് വീണ്ടും വീണ്ടും പൊളിച്ചു പണിയുന്നതും നിർത്തിവയ്ക്കുകയും പുതിയ ഡി.പി.ആറിന്റെ അടിസ്ഥാനത്തിൽ മാത്രം കാനകൾ നിർമ്മിക്കുകയും പുനർ നിർമ്മിക്കുകയും ചെയ്യുന്നതിന് തീരുമാനിക്കണം.

റോഡ് റീട്ടാറിംഗ്, കാന റിപ്പയർ, സ്കൂൾ , ആശുപത്രി ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ റിപ്പയർ എന്നീ വേലകളെല്ലാം തന്നെ മെയിന്റനൻസ് ഗ്രാന്റിൽ ചാർജ്ജ് ചെയ്ത് ചെയ്യണം. ജനകീയാസൂത്രണപദ്ധതികൾ JNNURM പദ്ധികളുമായി സംയോജിപ്പിച്ചു ചെയ്യുന്നതിന് സാധ്യമാകണം.

## ഡിവിഷൻ വികസന ഫണ്ട്

മെയിന്റനൻസ് ഗ്രാന്റിലും ജനകീയാസൂത്രണത്തിലും JNNURM പദ്ധതികളിലും ഉൾപ്പെടുത്താൻ കഴിയാത്ത അത്യാവശ്യ വേലകൾ ചെയ്യുന്നതിന് റോഡിന് 12 ലക്ഷം, കാന (മെയ്ന്റനൻസ് ഉൾപ്പെടെ) 6 ലക്ഷം, പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം എന്നിങ്ങനെ 20 ലക്ഷം രൂപ അനുവദിക്കുന്നു. കാന, തെരുവുവിളക്ക് എന്നിവയിൽ നിന്നും റോഡിനുവേണ്ടി വകമാറ്റി ചെലവഴിക്കാമെങ്കിലും കാനയ്ക്കും സോഡിയം വേപ്പർലാംമ്പുകൾക്കും വേണ്ടി തുക വകമാറ്റി ചെലവഴിക്കാൻ പാടില്ലാത്തതാകുന്നു. അതാത് വാർഡുകമ്മറ്റികൾ മുൻഗണന നിശ്ചയിക്കുന്ന പ്രകാരം മേൽസൂചിപ്പിച്ച കാറ്റഗറിയിൽപ്പെടുന്ന വേലകൾക്കായിരിക്കണം ഡിവിഷൻ ഫണ്ട് വിനിയോഗിക്കേണ്ടത്.

## JNNURM – BSUP

കൊച്ചി നഗരവും രണ്ട് മുനിസിപ്പാലിറ്റികളും അർബ്ബൻ അഗ്ലോമറേഷൻ പ്രദേശങ്ങളിലെ 13 ഗ്രാമ പഞ്ചായത്തുകളും ചേർന്ന സിറ്റി ഡവലപ്പമെന്റ് പ്ലാൻ അംഗീകരിക്കപ്പെട്ട ആവേശത്തിലായിരുന്നു കഴിഞ്ഞ ബഡ്ജറ്റ് ചർച്ചക്കെത്തിയത്. CDP യുടെ അടിസ്ഥാനത്തിലുള്ള ഡീറൈൽഡ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ടോപ്പോഗ്രാഫിക്കൽ സർവ്വെ, സിറ്റി മൊബിലിറ്റി പ്ലാൻ, BP2 സർവ്വെ തുടങ്ങി വിവിധങ്ങളായ സർവ്വെ റിപ്പോർട്ടുകളും സമഗ്ര പഠനവും വേണമെന്നതിനാലും നോഡൽ ഏജൻസിയായ KSUDPയുടെയും സർക്കാർ സ്റ്റിയറിംഗ് കമ്മിറ്റി, എംപവേഡ് കമ്മിറ്റി തുടങ്ങിയ ഹൈപവ്വർ ഏജൻസികളുടെ സ്പഷ്ടമായ പരിശോധനക്കും അംഗീകാരത്തിനും ശേഷം മാത്രമെ കേന്ദ്ര സർക്കാരിന്റെ അപ്രൈസൽ ഏജൻസി പ്രൊജക്ടുകൾ സ്വീകരിക്കൂ. ആയതിനാൽ പ്രൊജക്ട് നടത്തിപ്പിന് കാലതാമസം സംഭവിക്കുന്നുണ്ട്. കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ അംഗീകാരം JNNURM പദ്ധതികൾക്കും HUDCO യുടെയും കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെയും അംഗീകാരം ബെസിക് സർവ്വീസസ് ഫോർ അർബൻപൂവർ (BSUP) പദ്ധതികൾക്കും ലഭിച്ച ശേഷം മാത്രമെ അടങ്കൽ തുകയുടെ കേന്ദ്ര വിഹിതമായ 50% ലഭിക്കൂ. കേന്ദ്ര ഫണ്ട് സംസ്ഥാന ട്രഷറിയിലെത്തിയാലും നഗരസഭയ്ക്ക്

ലഭിക്കുന്നതിന് പിന്നെയും കടമ്പകൾ ഏറെയുണ്ട്. നഗരസഭയുടെ വിഹിതമായ ഷെയർ എമൗണ്ട് മുൻകൂട്ടി നിക്ഷേപിച്ചാലേ അനുവദിക്കപ്പെട്ട ഫണ്ട് നമുക്കു ലഭിക്കുകയുള്ളു. ഇതിനൊക്കെയുള്ള കാലതാമസമുലം പദ്ധതി നടപ്പിലാക്കുന്നത് നീണ്ടു പോകാനിടയായി. വിവിധ പദ്ധതികൾ ടെൻഡർ ചെയ്യുന്ന സേറ്റജിലെത്തുമ്പോൾ PWD ഷെഡ്യൂളിൽ ഭീമമായ വർദ്ധനയുണ്ടാവുന്നു. ഒടുവിൽ 40% വർദ്ധിപ്പിച്ച ശേഷം വീണ്ടും ബിൽഡിംഗ് മെറ്റീരിയൽസിന്റെ വില ക്രമാതീകമായി വർദ്ധിപ്പിച്ചശേഷം വീണ്ടും ബിൽഡിംഗ് മെറ്റീരിയൽസിന്റെ വില വർദ്ധിക്കുകയുണ്ടായി. ഇതുമൂലം കെട്ടിട നിർമ്മാണം, പാലങ്ങളുടെ നിർമ്മാണം മേജർ റോഡു വർക്കുകൾ എന്നിവ കരാറെടുക്കാൻ ആരും തയ്യാറാവുന്നില്ലെന്ന പ്രശ്നം നാം നേരിടേണ്ടി വന്നിരിക്കുന്നു. ഇതിനുപുറമെ DPRൽ ഉള്ളതിനേക്കാൾ അധികം വരുന്ന തുക നഗരസഭ ULB ഷെയറിനു പുറമെ കണ്ടെത്തണമെന്നും പുതിയ പ്രശ്നങ്ങളാണ്. ULB ഷെയർ നഗരസഭ കൗൺസിൽ ആവശ്യപ്പെട്ടതു പ്രകാരം 30% എന്നത് 20% മാക്കിയും പഞ്ചായത്തുകളുടെത് 30% എന്നത് 10% മാക്കി കുറച്ചുതരികയും കോർപ്പറേഷന്റെ 30%വും പഞ്ചായത്തുകളുടെ 40% തുകയും സംസ്ഥാന ഗവൺമെന്റ് നമുക്കുവേണ്ടി വഹിക്കാൻ തയ്യാറായി എന്നത് സന്തോഷകരമാണ്. നഗരസഭയുടെ ആവശ്യം അംഗീകരിച്ച സംസ്ഥാന ഗവൺമെന്റിനോട് CDP ഏരിയായിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജനങ്ങൾക്കും വേണ്ടി നഗരസഭ നന്ദി അറിയിക്കുന്നു.

അംഗീകാരം ലഭിച്ചിട്ടുള്ള കുടിവെള്ളം, സ്വീവറേജ്, സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ്, BSUP, ഡ്രെയ്നേജ് എന്നീപ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ULB ഷെയർ കണ്ടെത്തുന്നതിന് വായ്പയെടുക്കൽ മാത്രമാണ് ഇപ്പോൾ നമ്മുടെ മുന്നിലുള്ള പ്രശ്നം. ടോട്ടൽ ട്രാൻസ്പോർട്ടേഷൻ, കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടം, സ്വീവറേജ് പദ്ധതിയുടെ രണ്ടാം ഘട്ടം ടൂറിസം & ഹെറിറ്റേജ്, നഗര പുനരുദ്ധരാണം തുടങ്ങിയ തയ്യാറായികൊണ്ടിരിക്കുന്ന പ്രൊജക്ടുകളുടെ ULB ഷെയർ ഉൾപ്പെടെയുള്ള പണം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് അംഗങ്ങളുടെ നിർദ്ദേശം ക്ഷണിക്കുന്നു.

**ഇതിനകം അംഗീകാരം ലഭിച്ച പദ്ധതികൾ**

BSUP പുറമ്പോക്ക് പുനരധിവാസം,

| | | |
|---|---|---|
| വീടില്ലാത്തവർക്ക് വീട്, കോളനി നവീകരണം | – | 130 കോടി |
| കുടിവെള്ളം – പാഴൂരിൽ നിന്നും വെള്ളം നെട്ടൂരെത്തിച്ച് ട്രീറ്റ് പ്ലാന്റ് വഴി പശ്ചിമ കൊച്ചിക്ക് വിതരണം ചെയ്യുന്നതിന് | – | 201 കോടി |
| സ്വീവേജ് | – | 78.40 കോടി |
| സോളിഡ് വെയ്സ്റ്റ് മാനേജ് മെന്റ് | – | 63.47 കോടി |
| ഡ്രൈനേജ് (സെന്റർ ഏരിയ) | – | 9.78 കോടി |

DPR തയ്യാറായികൊണ്ടിരിക്കുന്നത്

ബ്രോഡ്‌വെ മാർക്കറ്റ് പുനരുധാരം

ടോട്ടൽ ട്രാൻസ്പോർട്ടേഷൻ

ഡ്രൈനേജ് നെറ്റ്‌വർക്ക്

സ്വീവറേജ് സെക്കന്റ് ഫെയ്സ്

കുടിവെള്ള പദ്ധതി സെക്കന്റ് ഫെയ്സ്

ഹെറിറ്റേജ് ആന്റ് ടൂറിസം

ഇതിനകം തയ്യാറാക്കിയ പ്രൊജക്ടുകൾക്ക് അംഗീകാരം നൽകിയ മുഖ്യമന്ത്രി ചെയർമാനായ എംപവേഡ് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി, കേന്ദ്ര നഗരവികസന മന്ത്രി ശ്രീ. ജയ്പാൽ റെഡ്ഡി, ഗ്രാമ വികസന മന്ത്രി, കൊച്ചിയുടെ പ്രൊജക്ടുകൾ പ്രത്യേക താല്പര്യം എടുത്ത് അംഗീകാരം ലഭിക്കാൻ നിരന്തരമായി സഹായിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര നഗരവികസന വകുപ്പ് സെക്രട്ടറി ശ്രീ. രാമചന്ദ്രൻ ഐ.എ.എസ്സ്. എന്നിവരോടുള്ള നഗരസഭയുടെ നന്ദി തീർത്താൽ തീരാത്തതാണ്. എങ്കിലും നന്ദി.

സി.ഡി.പി. ഏരിയായിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനും ശില്പശാലകൾ സംഘടിപ്പിക്കും.

## <u>കുടിവെള്ളം</u>

കൊച്ചിയിലെ ജനങ്ങളുടെ അടിസ്ഥാന പ്രശങ്ങളിലൊന്ന് കുടിവെള്ള ക്ഷാമമാണ്. HUDCO പദ്ധതി പൂർത്തീകരിക്കുകയും നഗരസഭയുടെ DFID പദ്ധതിയുമായി സംയോജിപ്പിക്കുകയും ചെയ്തതോടെ ദശാബ്ദങ്ങളായി കുടിവെള്ളം കിട്ടാകനിയായിരുന്ന നിരവധി പ്രദേശങ്ങളിൽ, പ്രത്യേകിച്ചും പള്ളുരുത്തി ഉൾപ്പെടെയുള്ള പശ്ചിമ കൊച്ചിയിൽ, വെള്ളമെത്തുന്ന സ്ഥിതിയും കടുത്ത കുടിവെള്ള ക്ഷാമം ഉണ്ടായിരുന്ന അനവധി പ്രദേശങ്ങളിൽ ലഭിച്ചിരുന്ന വെള്ളത്തിന്റെ അളവ് വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ശുദ്ധജലം ഉപയോഗിക്കുന്ന ജനങ്ങളുടേയും സ്ഥാപനങ്ങളുടേയും വർദ്ധനവിന്റെ ആനുപാതികമായി വെള്ളത്തിന്റെ അളവ് ഇനിയും ഏറെ വർദ്ധിക്കേണ്ടിരിക്കുന്നു. ഇതിനായി നഗരസഭ മഴവെള്ള സംഭരണിയെ പ്രോത്സാഹിപ്പിക്കുന്നതിനും ഭക്ഷ്യേതരാവശ്യങ്ങൾക്ക് പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതിനും പ്രൊജക്ടുകൾ തയാറാക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുള്ളതിനു പുറമേ മൂവാറ്റുപുഴയാറിലെ പാഴൂരിൽ നിന്നും വെള്ളം എത്തിച്ച് നെട്ടൂരിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും മരട്, കുമ്പളം, കുമ്പളങ്ങി, ചെല്ലാനം, ഇടക്കൊച്ചി, പള്ളൂരുത്തി, മുണ്ടംവേലി തുടങ്ങിയ പ്രദേശങ്ങളിലേക്ക് അധികമായി 100 ദശലക്ഷം ലിറ്റർ വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി സമരപ്പിച്ചതിന് അംഗീകാരം ലഭിക്കുകയും ടെൻഡർ സ്റ്റേജിലെത്തുകയും ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ കടന്നു പോരുന്ന സ്ഥലങ്ങളിൽ ചില കേന്ദ്രങ്ങളിൽ ചെറിയ തോതിലുള്ള സ്ഥലമേറ്റെടുക്കൽ വേണ്ടിവരും. അക്വിസിഷൻ നടപടികളും ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തീക വർഷത്തിൽ പ്ലാന്റ് നിർമ്മാണവും പൈപ്പ് ലേയിങ്ങും ആരംഭിക്കും.

രണ്ടാം ഘട്ടമായി പെരിയാറിൽ നിന്നും വെള്ളമെത്തിച്ച് കളമശ്ശേരിയിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് 235 ദശലക്ഷം ലിറ്റർ വെള്ളം അധികമായി നഗരത്തിനു ലഭിക്കുന്ന പദ്ധതിയുടെ DPR തയ്യാറാക്കുന്ന ജോലികൾ നടന്നുവരുന്നു. ഈ രണ്ട് പദ്ധതികൾ പൂർത്തീകരിക്കുകയും, കാലപഴക്കം ചെന്ന വ്യാസം കുറഞ്ഞ പഴയ പൈപ്പുകൾ മാറ്റി വ്യാസം കൂടിയ പുതിയ പൈപ്പുകൾ സ്ഥാപിക്കുകയും ചെയ്യുന്നതോടെ അടുത്ത 35 വർഷങ്ങൾക്കുള്ളിൽ നഗരത്തിൽ കുടിവെള്ളക്ഷാമമുണ്ടാകില്ല. പദ്ധതി നടത്തിപ്പിന്റെ ചുമതല കേരള വാട്ടർ അതോറിട്ടിക്കാണ്. കുടിവെള്ള പദ്ധതിയുടേയും സ്വീവറേജിന്റെയും നിർമ്മാണം പൂർത്തികരിച്ചു കഴിഞ്ഞാൽ പുതിയ പദ്ധതികളുടെ മാത്രം ചുമതല നഗരസഭയെ ഏൽപ്പിക്കണമെന്ന തീരുമാനം അശാസ്ത്രീയമാണ്.

അധിക ജലവിതരണത്തിന്റെയും സ്വീവറേജ് സംവിധാനത്തിന്റേയും അധിക ചുമതല ഏറ്റെടുക്കുവാനുള്ള ടെക്നിക്കൽ നോഹൗ CDP ഏരിയായിലെ നഗരസഭകൾക്കും

പഞ്ചായത്തുകൾക്കും നിലവിലില്ലെന്നതിനാൽ ഇപ്പോഴുള്ളതുപോലെ തന്നെ ഓപ്പറേഷൻ ആന്റ് മെയ്ന്റനൻസിന്റെ ചുമതല വാട്ടർ അതോറിട്ടിയെ തന്നെ ഏൽപ്പിക്കണമെന്ന് ബഹു. കേരള ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. വാട്ടർ അതോറിട്ടിയെ എഗ്രിമെന്റിലൂടെ നടത്തിപ്പ് ചുമതല ഏൽപ്പിക്കുകയും ലാന്റ് അക്വിസിഷൻ, ULB ഷെയർ എന്നീ ചെലവ് നിർവ്വഹിക്കുവാനുള്ള ചുമതലയും അവരെ തന്നെ ഏൽപ്പിക്കണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

## അങ്കണവാടികൾ – വനിതാഹാൾ – വർക്ക്ഷെഡ്

ഡെ കെയർ സെന്ററുകളും, പ്ലേസ്ക്കൂളുകളും, എൽ.കെ.ജി.കളും, യു.കെ.ജി.കളും കൂൺപോലെ മുളച്ച് പടരുന്ന കാലമാണിത്. വികസനത്തിന്റെ പെരുവെള്ളപ്പാച്ചിലിൽ അവഗണനയുടെ ഒറ്റപ്പെട്ട തുരുത്തിൽ അകപ്പെട്ടു പോകാവുന്ന ദുർബ്ബല വിഭാഗകാരുടെ ഓമന മക്കളുടെ പൂന്തോപാണ് അങ്കണവാടികൾ. നഗരത്തിൽ പ്രവർത്തിച്ചു വരുന്ന ഏതൊരു പ്ലേസ്ക്കൂളുകളോടും, ഡെ കെയർ സെന്ററുകളോടും, നഴ്സറികളോടും കിടപിടിക്കാവുന്ന ആധുനിക സൗകര്യങ്ങളോടെ കൊച്ചി നഗരത്തിലെ അങ്കണവാടികൾ പുതുക്കി പണിയുന്നതിനും, കളി ഉപകരണങ്ങളും മറ്റെല്ലാസൗകര്യങ്ങളും സൃഷ്ടിക്കുന്നതിനും, വനിതാ ഹാളുകളും, വർക്ക് ഷെഡ്ഡുകളും നിർമ്മിക്കുന്നതിന് നിർദ്ദേശം വയ്ക്കുന്നു. ഇതിലേക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു. 101–ാം നമ്പർ അങ്കണവാടി, വാത്തുരുത്തി, നീലാമുറി, ചളിക്കവട്ടം എന്നിവടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടികൾക്കായി പൊന്നുംവില നടപടികളിലൂടെ സ്ഥലം ഏറ്റെടുക്കും ഇതിനായി 25 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

## ഗവൺമെന്റ് സ്ക്കൂളുകൾക്ക് ആധുനിക സൗകര്യം

ഗവൺമെന്റ് നഗരസഭയ്ക്ക് കൈമാറി തന്നിട്ടുള്ള എൽ.പി. മുതൽ ഹൈയർ സെക്കണ്ടറി വരെയുള്ള വിദ്യാലയങ്ങൾക്ക് ആധുനിക പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതാണ്. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം, പ്രത്യേകം മോഡേൺ ടോയ്‌ലറ്റുകൾ, വിദ്യാലയങ്ങൾക്ക് ശുദ്ധജല സംവിധാനം, ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കംപ്യൂട്ടർ ലാബുകളുടെ നവീകരണം, കളി സ്ഥലങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങി ദുർബ്ബല വിഭാഗക്കാരുടെ മക്കൾക്ക് ആശ്രയിക്കാവുന്ന നഗരസഭയുടെ വിദ്യാലയങ്ങളിൽ പഠനത്തിന് സഹായകരമായ ആധുനിക പശ്ചാത്തല വിഭവങ്ങൾ സംഭരിക്കുന്നതിന് ഈ ബഡ്ജറ്റിൽ 50 ലക്ഷം രൂപ നീക്കി വയ്ക്കുന്നു. പഠന നിലവാരം ഉയർത്തുന്നതിന്

വിദ്യാഭ്യാസ വിദഗ്ദന്മാരുടെ സഹായത്തോടെ പ്രോജക്ടുകൾ ആരംഭിക്കുന്നതാണ്. കൗമാരക്കാരുടെ സവിശേഷതയാർന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൗൺസിലിങ്ങും പ്രത്യേകപഠന പരിപാടികളും സംഘടിപ്പിക്കും.

**പെൺകുഞ്ഞുങ്ങളെ പ്രസവിക്കുന്ന അമ്മമാർക്ക് പ്രസവാനന്തര ശുശ്രൂഷയ്ക്ക് ധനസഹായം**

സ്ത്രീ പീഠനങ്ങളും, സ്ത്രീധന മരണങ്ങളും, വർദ്ധിച്ചു വരുന്ന സാമൂഹ്യ ചുറ്റുപാടുകളാണ് ആഗോളവല്ക്കരണ നയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇൻഡ്യയിലും, ഈ നയം നടപ്പിലാക്കുന്ന മറ്റു രാഷ്ട്രങ്ങളിലും വർദ്ധച്ചു വരുന്നത്. ഈ ഇലട്രോണിക്സ് യുഗത്തിലും പെൺകുഞ്ഞുങ്ങളെ ശാപമായി കണക്കാക്കുന്ന ചിതലരിച്ച മനസ്സിന്റെ ഉടമകൾ സമൂഹത്തിൽ എത്ര വേണമെങ്കിലുമുണ്ട്. പെൺ ഭ്രൂണഹത്യ കൊച്ചിയിലും വർദ്ധിച്ചു വരുന്നതായി റിപ്പോർട്ടുകളുണ്ട്. വീടിന്റെ ഐശ്വര്യമായ പെൺകുഞ്ഞുങ്ങളെ പ്രസവിക്കുന്ന അമ്മമാർക്ക് പ്രസവാനന്തര ശുശ്രുഷയ്ക്ക് കൊച്ചി നഗരസഭ ധന സഹായം ചെയ്യുന്നതിന് ഈ ബഡ്ജറ്റിൽ 5,00,000/- രൂപ നീക്കി വച്ചിട്ടുണ്ട്.

**പാവങ്ങൾക്ക് ചികിത്സാ സഹായം**

കൊച്ചി നഗരത്തിലെ സ്ഥിര താമസക്കാരായ പാവങ്ങളിൽ പാവങ്ങളായ കുടംബങ്ങളിലെ രോഗങ്ങൾ ബാധിച്ച് ചികിത്സിക്കാൻ പ്രയാസപ്പെടുന്ന തെരഞ്ഞെടുക്കപ്പെടുന്ന രോഗികളുടെ ചികിത്സക്കായി 5,00,000/- രൂപ വകയിരിത്തുന്നു. ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, പരാലിസസ്, തുടങ്ങിയ രോഗങ്ങൾ ബാധിച്ചിട്ടുള്ളവർക്കാണ് മുൻഗണന.

**തൊഴിൽ പരിശീലനം - സ്വയം തൊഴിൽ സംരംഭം**

JNNURM, KSUDP, SJSRY, ജനകീയ ആസൂത്രണം തുടങ്ങി നഗര ദരിദ്ര കുടംബങ്ങളിലെ തൊഴിലില്ലാത്ത സ്ത്രീ - പുരുഷന്മാർക്ക് വിവിധ ട്രേഡുകളിൽ വിദഗ്ദ പരിശീലനം കൊടുക്കുന്നതിനും പരിശീലനം പൂർത്തിയാക്കുന്നവർക്ക് വിവിധ ഫണ്ടുകൾ സംയോജിപ്പിച്ച് ശാസ്ത്രീയവും സമഗ്രവുമായ സ്വയം തൊഴിൽ

സംരംഭങ്ങളും, വർക്ക ഷെഡ്ഡുകളും, ഉല്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങളും നിർമ്മിക്കുന്നതാണ്. ഇതിലേക്കായി 2 കോടി രൂപ വകയിരുത്തുന്നു

**അഗതികൾക്ക് ആശ്വാസം, വികലാംഗർക്ക് ഉപകരണങ്ങൾ**

നഗര പരിധിക്കകത്ത് സ്ഥിരതാമസമുള്ള സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത ദരിദ്ര ജനവിഭാഗങ്ങൾക്ക് ആശ്വാസമായി ബഹു നില മന്ദിരങ്ങൾ പണിത് പുനരധിവാസം ഉറപ്പാക്കും. ഇതിന് വിവിധ ഏജൻസികളുടെ സഹായം തേടും ഭൂരഹിതരായ പട്ടിക ജാതി വിഭാഗങ്ങൾക്ക് പ്രത്യേക പാർപ്പിട പദ്ധതി നടപ്പിലാക്കും.

വാർദ്ധക്യ കാല പെൻഷൻ 250 രൂപയായും മാറ്റ് അഗതി പെൻഷനുകൾ 200 രൂപയായും വർദ്ധിപ്പിക്കുവാൻ തീരുമാനിച്ച കേരള ഗവൺമെന്റിനെ നഗരസഭ കൗൺസിൽ അഭിനന്ദിക്കുന്നു. നഗരാതിർത്തിക്കകത്തുള്ള വിവിധ പെൻഷനുകൾക്ക് അർഹരായവരെ കണ്ടെത്തി വർധിപ്പിച്ച പെൻഷൻ ഈ സാമ്പത്തിക വർഷം മുതൽ കൊടുക്കുന്നതിന് കാര്യക്ഷമമായ സംവിധാനം ഉറപ്പാക്കും.

നഗരത്തിനകത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്ക്കൂളുകളിലെ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് രക്ഷിതാക്കൾക്ക് ഗ്രാന്റ് കൊടുക്കും. സ്പെഷ്യൽ സ്ക്കുളുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ കെടുക്കുന്നതിന് പ്രത്യേക പ്രേജക്ട് തയ്യാറാക്കും. അംഗവൈകല്യം ബാധിച്ച അശരണരായ മുഴുവൻ പേർക്കും ആവശ്യമായ ഉപകരണങ്ങൾ നഗരസഭ സൗജന്യമായി കൊടുക്കുന്നതാണ്.

**സമ്പൂർണ പാർപ്പിട പദ്ധതി**

കൊച്ചി നഗരത്തിൽ കുറഞ്ഞത് 1.250 സെന്റ് സ്ഥലമെങ്കിലും സ്വന്തമായുള്ള ദാരിദ്ര രേഖയ്ക്ക് താഴെയുള്ള വീടില്ലാത്ത മുഴുവൻ പേർക്കും വീട് നിർമ്മിച്ച് എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ഈ ബഡ്ജറ്റിൽ 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു വീടിന് 1,20,000/- രൂപയാണ് നഗരസഭ കൊടുക്കുന്നത്.

**പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കും.**

പേരണ്ടൂർ കനാൽ, വാലുമ്മേൽ കനാൽ, പടിയാത്ത് കുളം, മുണ്ടംവേലി, എസ്.ആർ.എം റോഡ് 24 മുറി കോളനി, പി & ടി കോളനി, വെണ്ണലപ്പാറ കോളനി തുടങ്ങിയ പുറംമ്പോക്ക് നിവസികളേയും ദുരിത പൂർണ്ണമായ ചുറ്റുപാടുകളിൽ

കഴിയുന്ന അസ്റാജ് പറമ്പ്, രാമേശ്വരം, പനയപ്പള്ളി, ചെലവന്നൂർ, പാട്ടത്തിൽ പറമ്പ്, ഫിഷർമെൻ കോളനി, കിസാൻ കോളനി തുടങ്ങിയ ചേരി നിവാസികളേയും മൾട്ടി സ്റ്റോറീഡ് ബിൽഡിംഗുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളോടും കൂടി പുനരധിവസിപ്പിക്കും. ഇതിനായി 130 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

## പൈതൃക സംരക്ഷണം – നേട്ടങ്ങളും പുതിയ പ്രതീക്ഷകളും

കൊച്ചിയുടെ പ്രകൃതിദത്തവും സാസ്കാരികവുമായ പൈതൃക സംമ്പത്തിന്റെ സംരക്ഷണത്തിനായി നഗരസഭ ഏറെ കാലമായി നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായി UNESCO യുടെ നേതൃത്വത്തിൽ ആരംഭിച്ച 12 ഇന്ത്യൻ നഗരങ്ങളടങ്ങിയ " Network for Indian Cities of living Heritage" എന്ന പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നമ്മുടെ ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരമാണ്. പൈതൃക നഗരമായും സാംസ്ക്കാരിക ഭൂപ്രദേശമായും പ്രഖ്യാപിക്കപ്പെടാനുള്ള കൊച്ചിയുടെ ശ്രമങ്ങൾക്ക് ആക്കം പകരുന്ന ഒന്നാണിത്. അതുപോലെ തന്നെ നിരവധി വർഷങ്ങളായി ഈ മേഖലകളിൽ നാം ആവിഷ്കരിച്ചുവരുകയും സാമ്പത്തീകവും മനുഷ്യ വിഭവശേഷിപരവുമായ പരിമിതികളാൽ നടപ്പിലാക്കുവാനോ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാനോ സാധിച്ചിട്ടില്ലാത്ത പദ്ധതികളെ അവയുടെ ശരിയായ ആഴത്തിലും അർത്ഥത്തിലും നടപ്പിലാക്കുവാനുള്ള ഒരവസരമാണ് ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതിയുടെ ഭാഗമായി നമുക്ക് കൈവന്നിരിക്കുന്നത്. കൊച്ചിയുടേയും പരിസരപ്രദേശങ്ങളുടേയും വിനോദസഞ്ചാര വികസനത്തിനും പ്രകൃതി സംരക്ഷണത്തിനും ഉതകുന്ന രീതിയിലുള്ള 53ഓളം ബൃഹത്തായ പ്രോജക്ടുകളാണ് JNNURM പദ്ധതിയിൽപ്പെടുത്തി തയ്യാറാക്കാൻ ആരംഭിച്ചിട്ടുള്ളത്. കൊച്ചി ഭൂപ്രദേശത്തെ മൊത്തം പൈതൃക സംരക്ഷണത്തെ മുൻനിർത്തിയുള്ള ശാസ്ത്രീയ മാനേജ്മെന്റിനുള്ള പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്.

## ടൂറിസം സെക്ടറുകളിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ

### കൊച്ചി നഗരസഭ പരിധിക്കുള്ളിൽ വരുന്ന ടൂറിസം പദ്ധതികൾ

കൊച്ചി നഗര പ്രദേശത്തെ പൊതു സ്ഥലങ്ങളുടെ വികസനവും പരിപാലനവും, ഡർബാർ ഹാൾ ഗ്രൗണ്ടിന്റെ പുനരുദ്ധാരണം, ഇടപ്പള്ളിയിൽ ടൂറിസം കോപ്ലക്സിന്റെ

നിർമ്മാണം, ഫോർട്ടുകൊച്ചിയിലെ ബാസ്റ്റ്യൻ ബംഗ്ലാവിന്റെ പുനരുദ്ധാരണം, തേവര ജംഗ്ഷൻ മുതൽ BOT പാലം വരെ പാം അവന്യൂ പദ്ധതിയുടെ ലാന്റ് സ്കേപിംഗ്, മട്ടാഞ്ചേരി – ഫോർട്ടുകൊച്ചി വിനോദ സഞ്ചാര മേഖലയ്ക്കുവേണ്ടി സമഗ്രമായ ടൂറിസം മാനേജ്മെന്റ് പരിപാടി, മട്ടാഞ്ചേരി പാലം മുതൽ നോർത്ത് ഓവർ ബ്രിഡ്ജ് വരെ എം.ജി റോഡിന്റെ സൗന്ദര്യവൽക്കരണം, ഗ്രഹസ്തലി പരിപാടി ശക്തിപ്പെടുത്തൽ, കൊച്ചി ഫിലിം ഫെസ്റ്റിവൽ, പത്മസരോവരം ലാന്റ് സ്കോപിംഗ് പദ്ധതി, ക്യൂൻ ഓഫ് അറേബ്യൻ സീ പദ്ധതി, സുഭാഷ് പാർക്ക് നവീകരണം, കുന്നറ പാർക്ക് നവീകരം, പി.ജെ. ആന്റണി സ്മാരക സാംസ്ക്കാരിക കേന്ദ്രത്തിന്റ നവീകരണം, തോപ്പുംപ്പടിയിൽ നിന്നും കമാലകടവിലേക്ക് വാട്ടർഎഡ്ജ് വാക്വെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, താന്തോന്നി തുരുത്തിൽ കേരള ഗ്രാമം, ആയോധന കലാകേന്ദ്രരം, ചിലവന്നൂർ ലേക്കിൽ വാട്ടർ സ്പോർട്ട്സ് സെന്റർ പള്ളൂരുത്തിയിൽ കണ്ണങ്ങാട്ട് – വലിയകുളം ടൂറിസം പ്രോജക്ട്, പൂന്തുരുത്ത് ദ്വീപ് വികസനം, I-MAX തീയ്യേറ്റർ, നെഹറു പാർക്ക്, മെഹബൂബ് പാർക്ക്, മഹാകവി ജി മെമ്മോറിയൽ, വള്ളംകളിയുൾപ്പെടെയുള്ള ഉത്സവങ്ങളുടെ സംഘാടനം, സയൻസ് സിറ്റിയുടേയും, പ്ലാനറ്റേറിയത്തിന്റെയും, വികസനം.

**<u>ഹെറിട്ടേജ് സെക്ടറുകളിൽ ഉദ്ദേശിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ.</u>**

ഹെറിട്ടേജ് ബേസ് മാപ്പ് തയ്യാറാക്കൽ, ഹെറിട്ടേജ് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, അടുത്ത തലമുറക്ക് പൈതൃകത്തിന്റെ പ്രാധാന്യം പകർന്നു നൽകുന്നതിനായി സ്ക്കൂളുകളിൽ ഹെറിട്ടേജ് ഫോറങ്ങൾ വഴി വിദ്യഭ്യാസം നൽകുക, വൈപ്പിൻ ഹെറിട്ടേജ് സോണിനു വേണ്ടിയുള്ള അർബ്ബൻ റിന്യൂവൽ സ്ക്കീം, മട്ടാഞ്ചേരി വാട്ടർഎഡ്ജ്, കൺസവേഷൻ പ്ലാൻ, ബ്രോഡ്വെ അർബ്ബൻ റിന്യൂവൽ, മട്ടാഞ്ചേരി സ്പൈസ് മ്യൂസിയം, സിറ്റി മ്യൂസിയം, മട്ടാഞ്ചേരി പഴയപാലത്തിന്റെയും, വെണ്ടുരുത്തി പാലത്തിന്റെയും സംരക്ഷണം, സാംസ്ക്കാരിക സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ്.

ഈ പദ്ധതികൾ നഗരസഭക്ക് വേണ്ടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതിലും നേതൃത്വം നൽകുന്നതിലും സെന്റർ ഫോർ ഹെറിട്ടേജ്, എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് (സി–ഹെഡ്) ആണ്.

സി – ഹെഡിന്റെ പ്രവർത്തനങ്ങൾക്കായി നഗരസഭയുടെ 2008 – 2009 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വക കൊള്ളിക്കുന്നു. വിവിധ പദ്ധതികളുടെ DPR

തയ്യാറാക്കി JNNURM അംഗീകരിക്കുന്ന മുറക്കേ അടങ്കൽ തുക സംബന്ധിച്ച് തീരുമാനിക്കാൻ കഴിയു.

**<u>പള്ളത്തുരാമൻ കൾച്ചറൽ സെന്റർ</u>**

ഫോർട്ടുകൊച്ചി പള്ളത്തുരാമൻ കൾച്ചറൽ സെന്റർ നവീകരിക്കുന്നതിന് 10 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

**<u>പാം അവന്യൂ ഗ്രീൻലാന്റ്</u>**

വെല്ലിംഗ്ടൺ ഐലന്റിന്റെ തെക്കേയറ്റത്ത് വെണ്ടുരുത്തി പാലം മുതൽ UP പാലം വരെ വൃക്ഷങ്ങളും ചെടികളും വച്ച് പിടിപ്പിച്ച്, ലാന്റ് സ്കേപ്പിംഗ് നടത്തി, മനോഹരമായ ഉദ്യാനം നിർമ്മിക്കുന്നതിന് കൊച്ചി തുറമുഖ ട്രസ്റ്റിന്റെ അനുമതി തേടും. ഈ ഉദ്യാനത്തിൽ BOT പാലം മുതൽ UP പാലം വരെ വാക്വേ നിർമ്മിക്കും. പ്രോജക്ട് തയ്യാറാക്കുന്നതിന് സി – ഹെഡ് നെ ചുമതലപ്പെടുത്തിയട്ടുണ്ട്.

**<u>മട്ടാഞ്ചേരി ഹെറിറ്റേജ് സെന്റർ</u>**

പർവ്വാന ജംഗ്ഷനിലുള്ള നഗരസഭയുടെ സ്ഥലത്ത് ടൂറിസ്റ്റുകളുടെ സൗകര്യാർത്ഥം ഹെറിറ്റേജ് സെന്റർ സ്ഥാപിക്കുന്നതാണ്. 30.860 സെന്റ് സ്ഥലത്ത് 20 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യത്തോടെ 46, 391 സ്ക്വയർ ഫീറ്റു വിസ്തീർണ്ണമുള്ള ഗ്രൗണ്ട് ഫ്ളോർ ഉൾപ്പടെ ഏഴു നിലകളുള്ള ഹെറിറ്റേജ് സെന്ററിന്റെ ഡിസൈൻ തയ്യാറാക്കി കഴിഞ്ഞു. ഈ വർഷം നിർമ്മാണം ആരംഭിക്കും.

**<u>ഫോർട്ടുകൊച്ചി ബോട്ട് ജെട്ടി ആധുനികവല്ക്കരിക്കും</u>**

ലോകമെമ്പാടമുള്ള പതിനായിരക്കണക്കായ ടൂറിസ്റ്റുകൾ പ്രതിവർഷം എത്തിച്ചേരുന്ന ചരിത്രമുറങ്ങുന്ന ഫോർട്ടുകൊച്ചിയിലെ ബോട്ട്ജെട്ടിയും ജങ്കാർ ജെട്ടിയും പൈതൃക സംരക്ഷണകേന്ദ്രത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ട് തുറമുഖ കവാടത്തിന്റെ പ്രൗഡിക്കും ഭംഗിക്കും അനുസൃതമായ ഡിസൈനും പ്രോജക്ടും തയ്യാറാക്കുന്ന ജോലി ആരംഭിക്കും. ബോട്ട് ജെട്ടി ആധുനിക സമ്പ്രദായം കൂടി ഉൾക്കൊണ്ട് പുനർ നിർമ്മിക്കും. ഇതിനായി 25 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

## അറബിക്കടലിന് അഭിമുഖമായി ആസ്ഥാനമന്ദിരമുയരുന്നു

കടലും കായലും ലയിച്ചു ചേരുന്ന അഴിമുഖത്തിനഭിമുഖമായി ഗോശ്രീ പാലത്തിനും ഹൈക്കോടതിക്കും മദ്ധ്യേ നഗരത്തിന് ഹരിത ശോഭ പകരുന്ന മംഗളവനത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കായൽ തീരത്ത് മറൈൻഡ്രൈവൽ കൊച്ചി നഗരസഭയുടെ ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞതും ഈ കൗൺസിലിന്റെ മറ്റൊരു നേട്ടമാണ്. ശ്രീ. ദിനേശ്മണി മേയറായിരുന്ന കഴിഞ്ഞ കൗൺസിൽ GCDA യിൽ നിന്നും വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് ആർക്കിടെക്ട് കുൽദീപ് സിംഗ് തയ്യാറാക്കിയ ഡിസൈൻ അനുസരിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ശിലാസ്ഥാപനം നിർവ്വഹിച്ചിരുന്നു. ഇപ്പോഴത്തെ കൗൺസിൽ നഗരസഭ ആഫീസ് നിർമ്മാണത്തിനാവശ്യമായ 12 കോടിരൂപ HUDCO യിൽ നിന്നും വായ്പ തരപ്പെടുത്തി. പൈലിംഗ് ജോലികൾ പൂർത്തീകരിച്ച് ഗ്രൗണ്ട് ഫ്ളോർ പൂർത്തീകരിച്ച് ഒന്നാം നിലയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

സെക്രട്ടറിയേറ്റ് കഴിഞ്ഞാൽ ഏറ്റവും അധികം ജീവനക്കാരും കൂടുതൽ ജോലിയുമുള്ള ഗവൺമെന്റ് സ്ഥാപനമാണ് കൊച്ചിൻ കോർപ്പറേഷൻ. അങ്ങേയറ്റം പരിമിതമായ സ്ഥലസൗകര്യം മാത്രമുള്ള ബോട്ട് ജെട്ടിയിലെ നിലവിലുള്ള ആഫീസ് മന്ദിരത്തിൽ നിന്നും കൂടുതൽ സൗകര്യ പ്രദമായ 9 നിലകളിൽ നഗരഭരണത്തിന് അനുയോജ്യമായ നിലയിൽ ആവശ്യത്തിന് പാർക്കിംഗ് സൗകര്യത്തോടെ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഒരു വർഷത്തിനകം പൂർത്തികരിക്കാൻ കഴിയും. എസ്റ്റിമേറ്റിലെ അപാകതകൾ പരിഹരിക്കുന്നതിനും കാര്യക്ഷമമായി വേഗതയിൽ ആസ്ഥാനമന്ദിര നിർമ്മാണം പൂർത്തീകരിക്കുന്നതിനും ചുമതലയേല്പിച്ച നഗരസഭയുടെ മൂന്ന് എഞ്ചിനിയർമാർ ആ ചുമതല നിറവേറ്റാത്തത് അങ്ങേയറ്റം ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. ഏപ്രിൽ മാസാദ്യത്തിൽ നഗരഭക്ക് പുറത്തുനിന്നും സഹായം നൽകാവുന്ന എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഈ ജോലി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കും. ഇന്ന് നിലവിലുള്ള മുഴുവൻ സ്റ്റാഫിനും കൗൺസിലിനും അഭിമാനിക്കാൻ കഴിയുന്ന ആസ്ഥാനമന്ദിര നിർമ്മാണത്തോട് ഒരു വിഭാഗം ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടുള്ള നിഷേധാത്മക നിലപാട് തിരുത്തിയേതീരു. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി നഗരസഭ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും മറ്റൊരാഗ്രഹത്തിന്റെ സാക്ഷാത്കാരമാണ് അഴിമുഖത്തിനഭിമുഖമായി ഉയർന്ന് വരുന്ന ആഫീസ് സമുച്ചയം.

വരാനിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്കനുസൃതമായി കൊച്ചിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നഗരത്തെ പ്രയോജനപ്പെടുത്തുന്ന പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ എന്നിവരുടെ എല്ലാം ക്രിയാത്മകമായ പങ്കാളിത്തം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു. മേയറും സ്റ്റീയറിംഗ് കമ്മിറ്റിയും സ്റ്റാൻഡിംഗ് കമ്മിറ്റികളും കൗൺസിലും എടുക്കുന്ന കൂട്ടായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഭരണം കൂടുതൽ വേഗതയിലും കാര്യക്ഷമവും ആക്കി മാറ്റുന്നതിനും മുഴുവൻ നഗരസഭ ജീവനക്കാരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു. കൊച്ചിയുടെ വരും കാല ഭരണത്തിന് മികച്ച അടിത്തറ പാകാൻ സഹകരിക്കുകയും സജീവമായ പങ്ക് വഹിക്കുകയും ചെയ്യുന്ന മുഴുവൻ കൗൺസിൽ അംഗങ്ങളോടും നന്ദി അറിയിച്ചു കൊണ്ട് 2008 – 2009 പ്രവർത്തനവർഷത്തേക്കുള്ള ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സ്നേഹാദരവോടെ ,

ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിക്കുവേണ്ടി ചെയർമാൻ

**സി.കെ. മണിശങ്കർ**
**ഡെപ്യൂട്ടി മേയർ**